# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## താനാളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.22/2710/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനാളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.22/2710/2023 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-02-2023 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 26-02-2023 മുതൽ 30-09-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 30-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 30-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ദിനേശൻ. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അബ്ദുസ്സലാം. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മല്ലിക. കെ. എം. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. റാംജിലാൽ. പി. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. പ്രേമരാജൻ. ഒ. കെ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 05-10-2022 |
| ശ്രീ. ബിനു വർഗ്ഗീസ് | സെക്രട്ടറി | 06-10-2022 | 24-11-2022 |
| ശ്രീ. രവീന്ദ്രൻ. വി. കെ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-11-2022 | 10-01-2023 |
| ശ്രീ. പ്രേമരാജൻ. ഒ. കെ | സെക്രട്ടറി | 11-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മഹേഷ്. ഒ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 20-09-2022 |
| ശ്രീമതി. ശ്രീജ. വി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 21-09-2022 | 05-10-2022 |
| ശ്രീ. സുരേഷ് ബാബു. ടി. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ഡോ. ശിൽപ. പി | കൃഷി ഓഫീസർ | 01-04-2022 | 10-03-2023 |
| ശ്രീമതി. അഞ്ജു. കെ. കെ. (അധിക ചുമതല) | കൃഷി ഓഫീസർ | 11-03-2023 | 31-03-2023 |
| ഡോ. ലുക്മാൻ കാമ്പുറത്ത് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിത. സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (താനാളൂർ സർക്കിൾ) | 08-08-2022 | 31-03-2023 |
| ശ്രീമതി. അനിത. സി. (അധിക ചുമതല) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പട്ടരുപറമ്പ് സർക്കിൾ) | 08-08-2022 | 31-08-2022 |
| ശ്രീ. ഗോകുൽ. എ. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പട്ടരുപറമ്പ് സർക്കിൾ) | 01-09-2022 | 31-03-2023 |
| ഡോ. ഹേമലത. സി. കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ശ്രുതി. കെ. ടി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 08-05-2022 |
| ഡോ. അമീന. ഒ. കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 09-05-2022 | 03-07-2022 |
| ഡോ. പ്രതിഭ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 04-07-2022 | 31-03-2023 |
| ശ്രീമതി. അജിതനാഥ്. എസ്. ജി. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ബേബി ഷിഫ. സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 09-08-2022 |
| ശ്രീമതി. വിബിത. സി. (അധിക ചുമതല) | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-08-2022 | 22-01-2023 |
| ശ്രീമതി. സറീന. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-01-2023 | 31-03-2023 |
| ശ്രീ. പ്രേമരാജൻ. ഒ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 13-10-2022 |
| ശ്രീ. ഷിജുമോൻ. ഡി | അസിസ്റ്റന്റ് സെക്രട്ടറി | 14-10-2022 | 24-10-2022 |
| ശ്രീ. രവീന്ദ്രൻ. വി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ശ്രീമതി. ഗായത്രി. കെ. വി. | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2022 | 07-08-2022 |

| | | | |
|---|---|---|---|
| (പൂർണ്ണ നിർവ്വഹണ ചുമതല) | ഓഫീസർ (താനാളൂർ സർക്കിൾ) | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | മുൻകൂർ നൽകിയ തുക റെവന്യൂ ചെലവായി ബുക്ക് ചെയ്തു. | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-8 |
| 10 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-9 |
| 11 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-10 |
| 12 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല. | 1-1-11 |
| 13 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാനായില്ല. | 1-1-12 |
| 14 | ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവഴിച്ചത് ലോൺ തിരിച്ചടവായി തെറ്റായി ബുക്ക് ചെയ്തു. | 1-1-13 |
| 15 | സ്ഥിരനിക്ഷേപങ്ങളുടെ പലിശ തുക പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-15 |
| 17 | അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-17 |
| 19 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റ് രൂപീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-2-1 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 24 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമപദ്ധതികൾ | 1-7 |
| 28 | ക്യാഷ് പരിശോധന | 1-8 |
| 29 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 32 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 33 | ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 34 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്. | 1-14 |
| 35 | വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം - അപാകതകൾ | 1-15 |
| 36 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-16 |
| 37 | KMSCLൽ നിന്ന് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു. | 1-17 |
| 38 | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം - അപാകതകൾ | 1-18 |
| 39 | പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി | 1-19 |

| | | |
|---|---|---|
| 40 | ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-20 |
| 41 | കുടുംബാരോഗ്യ കേന്ദ്രം അഭിവൃദ്ധിപ്പെടുത്തൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 42 | മിനി മാസ്റ്റ് റിപ്പയർ - ടെണ്ടർ നടപടിയിലെ അപാകത - പഞ്ചായത്തിന് 1,30,987 രൂപ നഷ്ടം | 1-22 |
| 43 | പ്രൊജക്റ്റ് ചെലവുകൾ - വിനിയോഗ വിവരം ലഭ്യമല്ല | 1-23 |
| 44 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-24 |
| 45 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അധിക തുക അനുവദിച്ചു | 1-25 |
| 46 | ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിക്കാത്തത് | 1-26 |
| 47 | എസ്.എസ്.കെ വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-27 |
| 48 | തുല്യതാ പഠനം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-28 |
| 49 | സ്പോർട്സ് കിറ്റ് വാങ്ങിയത് - ടി.ഡി.എസ്. ഈടാക്കിയില്ല. | 1-29 |
| 50 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ - ടി.ഡി.എസ് ഈടാക്കാത്തത് | 1-30 |
| 51 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികം നൽകി. | 1-31 |
| 52 | പ്രവൃത്തികൾ വിഭജിച്ച് നടപ്പാക്കിയത് ക്രമ വിരുദ്ധം | 1-32 |
| 53 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് - തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-33 |
| 54 | ആസ്തി സംരക്ഷണം - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-34 |
| 55 | ഹരിത കർമ്മ സേന - പ്രവർത്തന അവലോകനം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മിനി മാസ്റ്റ് റിപ്പയർ - ടെണ്ടർ നടപടിയിലെ അപാകത - പഞ്ചായത്തിന് 1,30,987 രൂപ നഷ്ടം | 3-1 |
| 2 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികം നൽകി. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/29.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി: 20/12/2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹1,40,23,654), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹-1,24,07,738) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ആസ്തി ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 450210101 - STATE BANK OF INDIA Life, Epayment TANUR (67385491208) | 44,17,350 | 44,17,385 | 35 |
| **ആകെ** | **44,17,350** | **44,17,385** | **35** |

## 1-1-5 ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ബാദ്ധ്യത ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 350300112 - Government And Other Dues Payable - Value Of Court Fee Stamp | 0* | 35 | 35 |
| **ആകെ** | **0** | **35** | **35** |

*സാംഖ്യ മുഖേന തയ്യാറാക്കിയ മുൻവർഷ ബാലൻസ് ഷീറ്റിൽ ഇത്തരം ഒരു ശീർഷകം ഇല്ലായിരുന്നു.

## 1-1-6 മുൻകൂർ നൽകിയ തുക റെവന്യൂ ചെലവായി ബുക്ക് ചെയ്തു.

മഴക്കാല പൂർവ്വ ശുചീകരണത്തിന് വൗച്ചർ നം. 22200123/27.05.2022 പ്രകാരം 2,30,000/- രൂപ ശുചിത്വമിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. ഈ തുക അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇത് 460500501 - Advance To Implementing Officers എന്ന ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിനു പകരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ തന്നെ അതാത് ചെലവ് ശീർഷകത്തിൽ (Sanitation) രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

## 1-1-7 തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

MGNREGS ക്യാഷ്ബുക്ക്, 320100128 - Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിന്റെ ലെഡ്ജർ എന്നിവ പ്രകാരം തൻവർഷത്തെ ഭരണ ചെലവ് തുക ₹9,18,627/- ആണെങ്കിലും വാർഷിക കണക്ക് I-14(F) ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടുള്ളത് ₹9,14,810/- ആണ്. 3,817/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-1-8 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്ക് കാലാവധി കഴിഞ്ഞതാണ്.

| ചെക്ക് നം/തീയ്യതി | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് |
|---|---|---|
| 13660/16.01.2022 | 3,500 | KERALA GRAMIN BANK OWN FUND TANALUR (40186101046522 ) |

## 1-1-9 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ നിക്ഷേപിച്ച് സാധാരണ സമയ പരിധിയ്ക്കുള്ളിൽ ക്ലിയർ ചെയ്യാത്തവയാണ്.

| ക്രമ നം | ചെക്ക് നം/തീയ്യതി | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് |
|---|---|---|---|
| 1 | JC5971865/22.09.2020 | 30,250 | KERALA GRAMIN BANK OWN FUND TANALUR (40186101046522) |
| 2 | 9116687/28.09.2020 | 16,250 | |

## 1-1-10 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ Directly Credited By Bank ആയി വന്ന താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകകളായി അവശേഷിയ്ക്കുന്നു.

| ക്രമ | ക്രെഡിറ്റ് ആയ | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് |
|---|---|---|---|

| നം | തീയ്യതി | | |
|---|---|---|---|
| 1 | 05.07.2022 | 1,40,903 | KERALA GRAMIN BANK JALANIDHI TANALUR (40186101108886) |
| 2 | 01.08.2022 | 11,156 | |
| 3 | 01.11.2022 | 7,688 | |
| 4 | 28.02.2023 | 3,291 | |
| 5 | 01.05.2022 | 5,785 | |
| 6 | 01.05.2022 | 2 | KERALA GRAMIN BANK ROORBAN MISSION TANALUR (40186101090198) |
| 7 | 01.08.2022 | 1 | |
| 8 | 01.11.2022 | 1 | |
| 9 | 28.02.2023 | 1 | |
| 10 | 20.07.2022 | 118 | |

## 1-1-11 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിന്നും Directly Debited By Bank ആയി കുറവ് ചെയ്യപ്പെട്ട താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകയായി അവശേഷിക്കുന്നു.

| ക്രമ നം | തീയ്യതി | തുക (₹) | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | 08.04.2022 | 100 | KERALA GRAMIN BANK JALANIDHI TANALUR (40186101108886) |
| 2 | 08.04.2022 | 118 | KERALA GRAMIN BANK ROORBAN MISSION TANALUR (40186101090198) |
| 3 | 25.04.2022 | 48 | |

## 1-1-12 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാനായില്ല.

ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | ബാങ്ക്/ട്രഷറി അക്കൗണ്ട് | ക്ലോസിംഗ് ബാലൻസ് (₹) (B-17 ഷെഡ്യൂൾ) |
|---|---|---|
| 1 | SUB TREASURY TIRUR JOINT VENTURE - (799013100000501) | 1,11,700 |
| 2 | STATE BANK OF TRAVANCORE PYKA - (67093640412) | 6,38,561 |
| 3 | Urban Co-operative Bank - (20801330001112) | 5,98,311 |
| 4 | SUB TREASURY TSB Closed - (715051400000014) | 2,01,011 |

## 1-1-13 ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവഴിച്ചത് ലോൺ തിരിച്ചടവായി തെറ്റായി ബുക്ക് ചെയ്തു.

330500201 - Secured Loans - Loan From KURDFC എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം തൻവർഷത്തിൽ ലൈഫ് ഭവനപദ്ധതിയുടെ സ്റ്റേറ്റ് ഷെയറിൽ നിന്നും ചെലവഴിച്ച ₹24,00,000/- ലോൺ തിരിച്ചടവായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-14 സ്ഥിരനിക്ഷേപങ്ങളുടെ പലിശ തുക പൊരുത്തപ്പെടുന്നില്ല

സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 2022-23 ൽ സ്ഥിരനിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ 6,26,572/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് I-7 ഷെഡ്യൂളിൽ 7,49,591/- രൂപയാണ് ബുക്ക് ചെയ്തിട്ടുള്ളത്. 1,23,019/- രൂപയുടെ വ്യത്യാസം.

## 1-1-15 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-16 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവുകൾക്കായി മുൻകൂർ നൽകിയ തുകയിൽ ₹9,14,810/- (3,32,410 + 5,82,400) തൻവർഷത്തിൽ ക്രമീകരിച്ചതായി 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative Expense എന്ന ശീർഷകത്തിന്റെ ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

### 1-1-18 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1. സ്ഥിര നിക്ഷേപ രജിസ്റ്റർ : ഷെഡ്യൂൾ B-12
2. ഡെപ്പോസിറ്റ് രജിസ്റ്റർ : ഷെഡ്യൂൾ B-7
3. ലോൺ രജിസ്റ്റർ : ഷെഡ്യൂൾ B-5
4. തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ : ഷെഡ്യൂൾ B-4

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/23.03.2022 | 1(1)/20.03.2023 |

### 1-2-1 ബജറ്റ് രൂപീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

1994-കേരള രാജ് ആക്ട് - വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ G.O.(Rt)3291/2016/LSGD Dt.2.12.2016 പ്രകാരം ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 ബജറ്റ് തയ്യാറാക്കിയത് ബജറ്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചാണോ എന്ന് പരിശോധിക്കുന്നതിനായി താഴെപറയുന്ന രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.5/25.11.23 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള നോൺ പ്ലാൻ പ്രൊപ്പോസലുകൾ .
2. സെക്രട്ടറി തയ്യാറാക്കിയ പഞ്ചായത്ത് ഓഫീസിന്റെ നോൺ പ്ലാൻ പ്രൊപ്പോസൽ Annexure 3&4 പ്രകാരം ഉള്ളത്.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ നോൺ പ്ലാൻ പ്രൊപ്പോസലുകൾ കൺസോളിഡേറ്റഡ് ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അന്തിമമാക്കിയ നോൺ പ്ലാൻ പ്രൊപ്പോസലുകൾ
5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട്.

എന്നാൽ മേൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പകരം 2023-24 ൽ സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച നോൺ പ്ലാൻ പ്രൊപ്പോസൽ ആണ് ഹാജരാക്കിയത്. ഇതിൽ നിന്നും 2022-23 ൽ മേൽപ്പറഞ്ഞ നടപടിക്രമം പാലിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

ബജറ്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---:|
| മുന്നിരിപ്പ് | 5,26,88,479 |
| വരവ് | 20,86,85,635 |
| ആകെ | 26,13,74,114 |
| ചെലവ് | 22,10,93,373 |
| നീക്കിയിരിപ്പ് | 4,02,80,741 |

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ

ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,25,60,093 | 3,25,60,093 | 2,92,86,022 | 32,74,071 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 30,70,180 | 30,70,180 | 30,70,180 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,15,62,000 | 1,15,62,000 | 96,51,929 | 19,10,071 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 80,79,000 | 80,79,000 | 66,87,989 | 13,91,011 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,30,29,855 | 1,30,29,855 | 90,03,391 | 40,26,464 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 56,28,206 | 56,28,206 | 54,87,215 | 1,40,991 |

## 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

താഴെപ്പറയുന്ന ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | വാർഷിക കണക്ക് (I-6) / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വ്യത്യാസം |
| 1 | വികസന ഫണ്ട് - ജനറൽ | 3,23,90,629 | 3,25,60,093 | 1,69,464 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 36,91,300 | 30,70,180 | 6,21,120 |

വ്യത്യാസങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/30.11.2023 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ട് തുകകളിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 17,66,27,987 | 145 | 9,10,33,485 | 28 | 69 | 59.9% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,992 | 9,18,931 | 9,21,923 | 9,18,627 | 3,296 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,60,65,830 | 1,60,65,830 | 1,60,65,830 | 0 |
| **ആകെ** | **2,992** | **1,69,84,761** | **1,69,87,753** | **1,69,84,457** | **3,296** |

കുറിപ്പ് :-

1). ഭരണ ചെലവ് MGNREGS ക്യാഷ്ബുക്ക്, വാർഷിക കണക്ക് I-14(F) എന്നിവയിൽ പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-1-7 കാണുക). ക്യാഷ്ബുക്ക് പ്രകാരമുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2). ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയിൽ 1,25,83,275/- രൂപ ഷെഡ്യൂൾ I-14(C) പ്രകാരമുള്ള റെവന്യൂ ചെലവും, 34,82,555/- രൂപ ഷെഡ്യൂൾ B-3 പ്രകാരമുള്ള ക്യാപിറ്റൽ ചെലവുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 18,56,000 | 146 |
| വിധവാപെൻഷൻ | 2,36,35,200 | 1883 |
| വാർദ്ധക്യകാലപെൻഷൻ | 4,43,57,200 | 3600 |
| വികലാംഗപെൻഷൻ | 77,01,700 | 246 |
| വിവാഹ ധനസഹായം | 3,90,000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,27,200 | 49 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023 ന് 4:40PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,062/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗവ.സർക്കുലർ 86/2010/ഫിൻ തീ. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങളുടെ മോഡൽ നെയിം, സ്പെസിഫിക്കേഷൻ, വില, വിതരണം ചെയ്ത സ്ഥാപനം, ഇൻവോയ്സ് നമ്പർ/തിയ്യതി, വാറണ്ടി വിവരം Etc എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. 2022- 2023 വർഷത്തിൽ പ്രൊജക്ട് നമ്പർ 160/23 (പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം വാങ്ങൽ) പ്രകാരം പ്രിന്റർ – 1, ലാപ്ടോപ്പ് – 3, ഡെസ്ക്ടോപ്പ് – 1 എന്നിവയും പ്രൊജക്ട് നമ്പർ 67/23 (പഞ്ചായത്ത് പ്രസിഡണ്ടിന് പ്രിന്റർ വാങ്ങൽ) പ്രകാരം പ്രിന്റർ – 1 എന്നിവയും വാങ്ങിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ വിവരം ചേർത്ത് രേഖപ്പെടുത്തിയിട്ടില്ല. 2 ലാപ്ടോപ്പ് മാത്രമേ സ്റ്റോക്കിൽ ചേർത്തതായി കാണുന്നുള്ളൂ. ഓരോ ഇനവും ഇഷ്യൂഡ് എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ആർക്കാണ് ഇഷ്യു ചെയ്തത് എന്ന വിവരം, ഏറ്റെടുത്തവരുടെ ഒപ്പ് എന്നിവ ഇല്ല.
2. കമ്പ്യൂട്ടർ എ.എം.സി ക്കായി 2022- 2023 വർഷത്തിൽ 88,748/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ടെങ്കിലും (പ്രൊജക്ട് നമ്പർ 102/23) എ.എം.സി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. സി.സി.ടി.വി റിപ്പയറിംഗ് പ്രവൃത്തിക്കായി 2022- 2023 വർഷത്തിൽ 48,270/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും (പ്രൊജക്ട് നമ്പർ 69/23) സ്റ്റോക്ക് രജിസ്റ്ററിൽ വിവരം ചേർത്ത് സൂക്ഷിച്ചിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്കായി വാടകക്കെടുത്ത വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്ര നടത്തുന്ന ഉദ്യോഗസ്ഥർ ഒപ്പുവയ്ക്കുന്നുണ്ട്. എന്നാൽ കൺട്രോളിംഗ് ഓഫീസർ ആയത് സാക്ഷ്യപ്പെടുത്തുന്നില്ല.
5. മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 | 01.07.2022 മുതൽ 31.10.2022 വരെ | 16.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2010 മുതൽ 12.08.2010 വരെ | 2004-05 മുതൽ 2009-10 വരെ | 24.09.2010 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 17 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന

കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 17.05.2022, 13.09.2022 എന്നീ തീയ്യതികളിലെ യോഗങ്ങളിൽ നികുതി പിരിവ്, ലൈസൻസ് എടുപ്പിക്കൽ എന്നിവ കാര്യക്ഷമമാക്കുന്നതും 100% വസ്തുനികുതി പിരിവ് എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള 100% വസ്തുനികുതിയും പിരിച്ചെടുക്കാനായിട്ടുണ്ട്.

സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താനാളൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1.** ഭരണ സമിതിയുടെ 2(1)/19.04.2023 നമ്പർ തീരുമാനം പ്രകാരം, നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**2.** സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 19.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 2(2) നമ്പർ തീരുമാനം പ്രകാരം താത്ക്കാലികമായി അംഗീകരിച്ച് എസ്.4-4490/2023, തീയ്യതി 15.05.2023 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ച് ഒരു ദിനപത്രത്തിൽ ഉൾപ്പെടെ പരസ്യം ചെയ്തിരുന്നു. വസ്തുനികുതി നിർണ്ണയത്തിനായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം എന്നീ മേഖലകളാക്കി തിരിച്ചത് 3(1) നമ്പർ തീരുമാനമായും, റോഡുകളുടെ തരംതിരിവ് 3(2) നമ്പർ തീരുമാനമായും 28.04.2023 തീയ്യതിയിലെ ഭരണസമിതി യോഗത്തിൽ താൽക്കാലികമായി അംഗീകരിച്ച് 15.01.2023 തീയ്യതിയിലെ യഥാക്രമം എസ്.4-4490/2023(1), എസ്.4-4490/2023(2) എന്നീ വിജ്ഞാപനങ്ങളായി പരസ്യപ്പെടുത്തിരുന്നു.

കരട് നിരക്കുകൾ പ്രസിദ്ധപ്പെടുത്തി നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിക്കാതിരുന്നതിനാൽ ഇവ 21.06.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 1(1) നമ്പർ തീരുമാനം പ്രകാരം അന്തിമമാക്കി അംഗീകരിച്ച് എസ്.4-4490/2023, തീയ്യതി 05.07.2023 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ച് രണ്ട് ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും, സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡ് തരംതിരിവ്, മേഖല തരംതിരിവ് എന്നിവ 21.06.2023 തീയ്യതിയിലെ ഭരണസമിതി യോഗത്തിൽ യഥാക്രമം 2(1), 2(2) നമ്പർ തീരുമാനങ്ങൾ പ്രകാരം അന്തിമമാക്കി അംഗീകരിച്ച് 05.07.2023 തീയ്യതിയിലെ യഥാക്രമം എസ്.4-4490/2023(1), എസ്.4-4490/2023(2) എന്നീ വിജ്ഞാപനങ്ങളായി പരസ്യപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

**3.** പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയക്രമം പാലിച്ചിട്ടില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാകാൻ വൈകിയതിനാൽ അതുവരെ, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടിസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നിലവിൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നിരക്കുകൾ രേഖപ്പെടുത്തുകയും, പുതുതായി നിർമ്മാണം പൂർത്തിയാക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നുണ്ട്.

**4.** വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 860 അപേക്ഷകളിൽ നടപടികൾ ആരംഭിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത

യോഗ്യതയുള്ളവരെ നിയമിക്കാനായി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 3 പേരെ നിയമിച്ചിട്ടുണ്ട്. കൂടുതൽ പേരെ ലഭ്യമാക്കാൻ നടപടി തുടരുന്നുണ്ട്.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

താനാളൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ തൽക്കാലം സേവന ഉപനികുതി ഏർപ്പെടുത്തേണ്ടതില്ലെന്ന് ഭരണ സമിതിയുടെ 19.04.2023 തീയ്യതിയിലെ യോഗത്തിൽ 2(2) നമ്പറായി തീരുമാനിച്ചിട്ടുണ്ട്. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**വസ്തുനികുതി സംബന്ധിച്ച മറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടി നിർമ്മാണം ആരംഭിച്ച മൊബൈൽ ടവറുകൾക്ക് പെർമിറ്റ് കാലാവധി കഴിഞ്ഞും പൂർത്തീകരണ വിവരം പരിശോധിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യാതിരുന്നത് മൂലം വരവ് നഷ്ടത്തിന് സാധ്യത ഉണ്ടാകുന്നത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-15 ആയി നൽകിയിട്ടുണ്ട്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.** 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**2.** സിവിൽ സപ്ലൈസ് ഡയറക്റ്റുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

**3.** 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**4.** ലൈസൻസ് എടുക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള എണ്ണം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ആയി നൽകിയിട്ടുണ്ട്.

## 1–12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ – അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്ത് വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക

കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക (₹) | ഫണ്ട് ഇനം | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | അംഗൻവാടി വൈദ്യുതീകരണം (143/16) | 2015-16 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 116,928 | - | 0 | 1,16,928 |
| 2 | സ്ട്രീറ്റ് മെയിൻ വലിക്കൽ (234/16), (229/16) | 2015-16 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2,495,748 | - | 0 | 24,95,748 |
| 3 | 108/2016-17 - സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 225,000 | Development Fund (CFC Basic Grant) | 0 | 2,25,000 |
| 4 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,728 | - | 0 | 4,728 |
| 5 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,378 | - | 0 | 4,378 |
| 6 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 34,438 | - | 0 | 34,438 |
| 7 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 35,143 | - | 0 | 35,143 |
| 8 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 7,161 | - | 0 | 7,161 |
| 9 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 13,375 | - | 0 | 13,375 |
| 10 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 13,297 | - | 0 | 13,297 |
| 11 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 14,705 | - | 0 | 14,705 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ബോർഡ് | | | | |
| 12 | 149/2016-17 - മഞ്ചാടിക്കുന്ന് അപ്പാട പറമ്പ് കോളനികളിൽ സ്ട്രീറ്റ് മെയിനും ഉപകരണങ്ങളും സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 30,129 | Development Fund (S.C.P) | 0 | 30,129 |
| 13 | 130/2017-18 - സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 75,000 | Development Fund (CFC Basic Grant) - 45000 , Own Fund - 30000 | 0 | 75,000 |
| 14 | 135/2018-19 - 95-ാം നമ്പർ അങ്കൻവാടി കുഴൽ കിണർ | 2018-19 | ഭൂജല വകുപ്പ് | 42,740 | Own Fund - 42740 | 0 | 42,740 |
| 15 | 136/2018-19 - 93-ാം നമ്പർ അംഗൻവാടി കുഴൽകിണർ | 2018-19 | ഭൂജല വകുപ്പ് | 41,190 | Own Fund - 41190 | 0 | 41,190 |
| 16 | 143/2018-19 - 99-ാം നമ്പർ അംഗൻവാടി കുഴൽകിണർ | 2018-19 | ഭൂജല വകുപ്പ് | 44,630 | Own Fund - 44630 | 0 | 44,630 |
| 17 | 275/2018-19 - താനാളൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് ട്രാൻഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് തുക നൽകൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 683,016 | Own Fund | 0 | 6,83,016 |
| 18 | RO Water Treatment പ്ലാന്റിനായി 17-ാം വാർഡിലെ 258-B നമ്പർ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 16,235 | - | 0 | 16,235 |
| 19 | RO Water Treatment പ്ലാന്റിനായി 17-ാം വാർഡിലെ 258-B നമ്പർ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 25,348 | - | 0 | 25,348 |
| 20 | അയ്യപ്പൻകാവ് കനാൽ നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 35,486 | - | 0 | 35,486 |
| 21 | അംഗനവാടി കെട്ടിടനിർമ്മാണത്തിന് തടസമായി നില്ക്കുന്ന ഇലക്ട്രിക്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 21,889 | - | 0 | 21,889 |
| 22 | തച്ചൻപരമ്പ് കോളനിയിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 20,922 | - | 0 | 20,922 |
| 23 | 348/2020-21 - പെരുമണൽ അംഗനവാടി കണക്ഷനുള്ള തുക കെഎസ്സിബിക്ക് നൽകൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 16,294 | Own Fund | 0 | 16,294 |
| 24 | 239/2021-22 - ആലിൻ ചുവട് ത്രീ സ്റ്റാർ റോഡ് നിർമ്മാണം ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് കെഎസ്ബി ക്ക് തുക അടവാക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 87,497 | Own Fund | 0 | 87,497 |
| 25 | 266/2021-22 - ശ്രീകൃഷ്ണ ക്ഷേത്രം പരിസരത്തെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ KSEB ക്ക് തുക അടവാക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 171,653 | Own Fund | 0 | 1,71,653 |

| | | | | | | | |
|---|---|---|---|---|---|---|---|
| 26 | 268/2021-22 - കേലപ്പറം പാക്കിനിപടി റോഡ് പരിസരം ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ KSEB ക്ക് തുക അടവാക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 83,854 | Own Fund | 0 | 83,854 |
| 27 | പുതുകുളങ്ങര പട്ടേർ പടി- പോസ്റ്റ് മാറ്റിവെക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6,633 | തനത് ഫണ്ട് | 0 | 6,633 |
| 28 | കളരിക്കൽപടി- പറമ്പിൽ പോസ്റ്റ് മാറ്റിവെക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6,645 | തനത് ഫണ്ട് | 0 | 6,645 |
| 29 | അമ്പലപ്പടി- ഇസ്ലാഹി റോഡിൽപോസ്റ്റ് മാറ്റിവെക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6,346 | തനത് ഫണ്ട് | 0 | 6,346 |
| 30 | റൂർബൻ മിഷൻ പദ്ധതി | 2021-22 | കേരള വാട്ടർ അതോറിറ്റി | 3,50,00,000 | റൂർബൻ മിഷൻ ഫണ്ട് | 0 | 3,50,00,000 |
| **ആകെ** | | | | **3,93,80,408** | | **0** | **3,93,80,408** |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 03/24.11.2023) ലഭ്യമാക്കിയ മറുപടിയിൽ അതാത് കാലങ്ങളിലെ ഫയലുകൾ പരിശോധിച്ച് ഡെപ്പോസിറ്റ് തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും, തുക ക്രമീകരിക്കുന്ന മുറക്ക് ആയതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതാണ് എന്നും വിശദീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, വിനിയോഗത്തിന് ശേഷം ലഭ്യമാവാൻ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

താനാളൂർ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും, 2022-23 വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് അപേക്ഷയിൽ പറഞ്ഞിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി 2022-23 I/II അർദ്ധ വർഷം പഞ്ചായത്തിൽ അടവാക്കിയിട്ടില്ലെന്ന് കണ്ടു. അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നം. 2/24.11.2023 നൽകിയതിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുമ്പോൾ തെറ്റിപ്പോയതാണെന്നും, സ്ഥാപനത്തിൽ തിരക്കുള്ള സമയങ്ങളിലും ഉത്സവ സീസണുകളിലും താത്ക്കാലികമായി നിയമിക്കുന്ന ബന്ധുക്കളുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം കൂടെ തെറ്റായി ചേർത്തതാണെന്നും ഏതാനും സ്ഥാപനങ്ങൾ വിശദീകരണം ലഭ്യമാക്കിയത് മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ | 2022-23 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി |
|---|---|---|---|---|

| | | | എണ്ണം | അടവാക്കിയിട്ടില്ലാത്ത അർദ്ധവർഷം |
|---|---|---|---|---|
| 1 | 35 | സബീൽ ട്രേഡേഴ്സ് | 5 | I, II |
| 2 | 139 | ഒ.പി.കെ ജനത ഐസ് ഫാക്ടറി | 5 | I, II |
| 3 | 159 | ചേലാടൻ മാരുതി എഞ്ചിനീയേഴ്സ് | 5 | I, II |
| 4 | 166 | മോഡേൺ സൂപ്പർ മാർക്കറ്റ് | 4 | I, II |
| 5 | 185 | ത്രീ സ്റ്റാർ വുഡ് ഇൻഡസ്ട്രീസ് | 5 | I, II |
| 6 | 193 | അൽ അമീൻ വുഡ് ഇൻഡസ്ട്രീസ് | 4 | I, II |
| 7 | 195 | നാലുകണ്ടത്തിൽ വുഡ് ഇൻഡസ്ട്രീസ് | 3 | I, II |
| 8 | 201 | ആതിര വുഡ് ഇൻഡസ്ട്രീസ് | 3 | I, II |
| 9 | 203 | എ.സി.എം എന്റർപ്രൈസസ് | 5 | I, II |
| 10 | 213 | വർണം ലോൺട്രി സർവ്വീസ് | 3 | I, II |
| 11 | 252 | നാസ് ഫർണിച്ചർ | 6 | I, II |
| 12 | 257 | റോളക്സ് പ്രോഡക്ട്സ് | 3 | I, II |
| 13 | 372 | സൈലുൻ ബേക്കറി ഹോട്ട് & കൂൾബാർ | 4 | I, II |
| 14 | 381 | ഏഷ്യൻ ബേക്സ് | 3 | I, II |
| 15 | 392 | സൂറത്ത് ഫാഷൻ | 3 | I, II |
| 16 | 396 | ഒമേഗ ഹാച്ചറി | 3 | I, II |
| 17 | 401 | ഫാഷൻ കളക്ഷൻസ് | 4 | I, II |
| 18 | 407 | കെ.റ്റി.എം പ്ലൈവുഡ് ഷോപ്പ് | 4 | I, II |
| 19 | 412 | പി.എം പെട്രോളിയം | 7 | I, II |
| 20 | 426 | തടത്തിൽ പെട്രോളിയം | 6 | I, II |
| 21 | 434 | അൽ ഷാൻ ഫുഡ് ഐറ്റംസ് റീപാക്കിംഗ് | 4 | I, II |
| 22 | 460 | പോംപി ഫുഡ് പ്രോഡക്ട്സ് | 4 | I, II |
| 23 | 483 | ഫേമസ് ലൈറ്റ്സ് & സൗണ്ട്സ്, കാറ്ററിംഗ് & ഇവന്റ് മാനേജ്മെന്റ് | 4 | I, II |
| 24 | 517 | സുഷാ'സ് ഫുഡ് പ്രൊഡക്ട്സ് | 4 | II |
| 25 | 531 | ക്രഞ്ചിക്ക് ബ്രോസ്റ്റഡ് ചിക്കൻ | 5 | II |
| 26 | 548 | മൂത്താട്ട് ട്രേഡിംഗ്സ് പ്രൈ. ലി. | 5 | II |
| 27 | 551 | ഓട്ടോ കൺസപ്റ്റ്സ് | 4 | II |
| 28 | 555 | ഡീലക്സ് മാർബിൾസ് | 5 | II |
| 29 | 570 | പ്രിൻസ് ഇന്റീരിയർ പേവിംഗ് ബ്ലോക്ക്സ് & ടൈൽസ് | 8 | II |

കൂടാതെ, "അബ്ദുൾ വഹാബ്, വെട്ടിയാട്ടിൽ (വീട്), മൂന്നിയൂർ സൗത്ത്" എന്നയാളുടെ പേരിൽ ഒന്നിലധികം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ ആരും തന്നെ 2022-23 I, II അർദ്ധ വർഷങ്ങളിൽ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല. അപേക്ഷകളിലെല്ലാം ജീവനക്കാരുടെ എണ്ണം ഉൾപ്പെടെയുള്ള പല കോളങ്ങളും കൃത്യമായി പൂരിപ്പിക്കാതെ ഡിറ്റോ ചിഹ്നം (") മാത്രം രേഖപ്പെടുത്തിയിരിക്കുകയാണ് എന്നതിനാൽ വ്യക്തമായ കണക്ക് ലഭിച്ചിട്ടില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 374 | അൽഫാസ് ഫുഡ് കോർട്ട് |
| 2 | 375 | അൽഫാസ് കേക്ക് വേൾഡ് |
| 3 | 376 | അൽഫ സ്വീറ്റ്സ് |
| 4 | 377 | അൽഫാസ് ബേക്കറി ലൈവ് പ്രൊഡക്ഷൻസ് |

എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനോ വിശദീകരണം ലഭ്യമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതും, ലൈസൻസ് അപേക്ഷകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്നും ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല എന്ന് ചട്ടം 3ൽ നിഷ്കർഷിക്കുന്നുണ്ട്. താനാളൂർ ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ, സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തേയ്ക്ക് രജിസ്ട്രേഷൻ എടുത്തിട്ടില്ല/പുതുക്കിയിട്ടില്ല എന്ന് വ്യക്തമായി.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഫാത്തിമ സ്പെഷ്യാലിറ്റി ക്ലിനിക്, പുത്തൻതെരു | 2021-22 വർഷത്തിൽ 2ാം നമ്പറായി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. |
| 2 | അൽ നൂർ ഡെന്റൽ ക്ലിനിക് | 2022-23 - 1, 2 അർദ്ധവർഷങ്ങളിൽ 54ാം നമ്പറായി ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 3 | ഡെന്റോ കെയർ | 2022-23 - 1, 2 അർദ്ധവർഷങ്ങളിൽ 56ാം നമ്പറായി ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 4 | അൽ ഷിഫ ഡെന്റൽ ക്ലിനിക് | 2022-23 - 1, 2 അർദ്ധവർഷങ്ങളിൽ 59ാം നമ്പറായി ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |

അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നം. 2/24.11.2023 നൽകിയതിനെ തുടർന്ന്, രജിസ്ട്രേഷൻ പുതുക്കുന്നതിനായി ഈ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്നും യഥാസമയം പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം - അപാകതകൾ

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങൾ പരിശോധിച്ചു.
ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ രേഖകൾ പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ആകെ ചുവടെ ചേർത്ത അഞ്ച് വാർത്താ വിനിമയ ഗോപുരങ്ങളാണ് നമ്പർ അനുദിച്ചതായി ഉള്ളത്.

| ക്രമ നം | കെട്ടിട നമ്പർ | കമ്പനി/ഉടമയുടെ പേര് | നമ്പർ അനുവദിച്ച/ നികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|
| 1 | 2/286/ | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2013 ഒന്നാം അർദ്ധ വർഷം |
| 2 | 2/357/A.TT | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2012 ഒന്നാം അർദ്ധ വർഷം |
| 3 | 2/368/A | എ.റ്റി.സി ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2013 ഒന്നാം അർദ്ധ വർഷം |
| 4 | 3/1/TT | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 2009 ഒന്നാം അർദ്ധ വർഷം |
| 5 | 22/362/G-TT | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2019 രണ്ടാം അർദ്ധ വർഷം |

ഗ്രാമ പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2017-18 മുതൽ 2022-23 വരെ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണം 9 ആണ്. ഇതിൽ ആറ് എണ്ണത്തിന് പെർമിറ്റ് അനുവദിച്ചു. ആയതിൽ മുകളിലെ പട്ടികയിൽ ക്രമ നം. 5 ആയി ഉൾപ്പെട്ട ടവറിന് മാത്രമാണ് നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ളത്. പെർമിറ്റിന് അപേക്ഷിച്ചതിൽ പെർമിറ്റ് അനുവദിച്ച/അനുവദിക്കാത്ത ടവറുകളുടെ രജിസ്റ്റർ/ഫയൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | രജിസ്റ്ററിലെ ക്രമ നം. | ഇൻവാർഡ് നം, തീയ്യതി, | അപേക്ഷകന്റെ/കമ്പനി പേര് | രജിസ്റ്റർ പ്രകാരം അവസാനമായി സ്വീകരിച്ച നടപടി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2017-18 | 87 | 4111/17, 23.08.17 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 17.10.17 തീയ്യതിയിൽ പെർമിറ്റ് അനുവദിച്ചു |
| 2 | 2018-19 | 150 | 8672/18, 12.12.18 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 31.12.18 തീയ്യതിയിൽ പെർമിറ്റ് അനുവദിച്ചു |
| 3 | 2022-23 | 4 | 65/22, 07.04.22 | സമ്മിറ്റ് ഡിജിടെൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 21.04.22 തീയ്യതിയിൽ പെർമിറ്റ് അനുവദിച്ചു |
| 4 | " | 29 | 631/22, 18.05.22 | സമ്മിറ്റ് ഡിജിടെൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 30.05.22 തീയ്യതിയിൽ പെർമിറ്റ് അനുവദിച്ചു |
| 5 | " | 41 | 23(4)/22, 02.06.22 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 16.06.22 തീയ്യതിയിൽ പെർമിറ്റ് അനുവദിച്ചു |
| 6 | " | 98 | 2843/22, 07.10.22 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | നിർമാണാനുമതി നിരസിച്ചു |
| 7 | " | 111 | 3321/22, 04.11.22 | സമ്മിറ്റ് ഡിജിടെൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | നിർമാണാനുമതി നിരസിച്ചു |
| 8 | " | രേഖപ്പെടുത്തിയില്ല | 3580/23, 20.03.23 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | നിർമാണാനുമതി നിരസിച്ചു |

മേൽപ്പറഞ്ഞ അപേക്ഷകൾ പ്രകാരം പെർമിറ്റ് അനുവദിച്ച/അനുവദിക്കാത്ത മൊബൈൽ ടവറുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ/പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/29.11.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 3, 4, 5 എന്നിവയിൽ നിർമ്മാണം പൂർത്തിയാക്കി അപേക്ഷകർ അറിയിപ്പ് നൽകുന്ന മുറയ്ക്ക് വസ്തുനികുതി നിർണ്ണയം നടത്തുന്നതാണെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ദീർഘകാലമായി പെർമിറ്റ് കാലാവധി അവസാനിച്ചിട്ടുള്ള ക്രമ നം. 1, 2 അപേക്ഷകളിലും, നിർമ്മാണാനുമതി നിരസിച്ചിട്ടുള്ള ക്രമ നം. 6, 7, 8 അപേക്ഷകളിലും അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്ട് നമ്പർ : 18/2022-23, ഹോമിയോ മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി
അടങ്കൽ : ₹3,00,000/-, Maintenance Fund Non Road
ചെലവ് : ₹3,00,000/- BRN : 22150552039900728797/03.11.2022

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിന് പ്രൊഫോർമ ഇൻവോയിസ് നമ്പർ- PF 634/21.10.2022 ന്റെ അടിസ്ഥാനത്തിൽ 3,00,000/- രൂപ ഹോംകോയ്ക്ക് നൽകിയിരുന്നു. എന്നാൽ ഇത് പ്രകാരം മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനും, ഇല്ലെങ്കിൽ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/28.11.2023ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-17 KMSCLൽ നിന്ന് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹിച്ച താഴെ കൊടുത്ത പ്രോജക്ടുകൾ പ്രകാരം മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിന് KMSCLന് തുകകൾ മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.

പ്രൊജക്ട് : 16/23 - പരിരക്ഷ പദ്ധതി
ചെലവ് : ₹1,23,162/- BRN 22150552038801459562/24.03.2023 (വികസന ഫണ്ട് (ജനറൽ))
പ്രൊഫോർമ ഇൻവോയ്സ് : PRF4491/15.02.2023, ₹1,50,134/-

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 1,50,134/- രൂപയിൽ 1,17,760/- രൂപ ഈ ബിൽ പ്രകാരം നൽകി. അവശേഷിക്കുന്ന 32,374/- രൂപ 2023-24 വർഷത്തിലാണ് നൽകിയിട്ടുള്ളത്. തൻവർഷം ലഭ്യമായ മരുന്നുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയ്യതി | ലഭ്യമായ മരുന്നുകളുടെ വില (₹) |
|---|---|---|
| 1 | 10928/29.06.2023 | 5,312 |
| 2 | 12921/15.07.2023 | 31,953 |
| 3 | 17052/24.08.2023 | 1,837 |
| 4 | 17417/12.09.2023 | 75,264 |
| 5 | 18955/04.10.2023 | 190 |
| | **ആകെ** | **1,14,556** |

തൻ വർഷം നൽകിയ 1,17,760/- രൂപയിൽ 1,14,556/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 3,204/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.

പ്രൊജക്ട് : 236/23 - പരിരക്ഷ ഉപകരണങ്ങൾ വാങ്ങൽ

ചെലവ് : ₹1,99,066/-BRN 22150552038801178818/13.02.2023, മെയിന്റനൻസ് ഗ്രാന്റ് - (റോഡിതരം)

പ്രൊഫോർമ ഇൻവോയ്സ് : PRF3951/27.01.2023, ₹1,99,066/-

പരിശോധനക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം താഴെപറയും പ്രകാരം ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തീയ്യതി | ലഭ്യമായ ഉപകരണങ്ങളുടെ വില (₹) |
|---|---|---|
| 1 | 8427/10.06.2023 | 20,125 |
| 2 | 12598/13.07.2023 | 4,865 |
| 3 | 14779/31.07.2023 | 34,867 |
| 4 | 17138/25.08.2023 | 1,24,034 |
| 5 | 18653/27.09.2023 | 1,603 |
| | **ആകെ** | **1,85,494** |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള എല്ലാ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, നൽകിയ തുകയേക്കാൾ 13,572/- രൂപ കുറവാണ് ലഭ്യമായിട്ടുള്ള ഉപകരണങ്ങളുടെ ആകെ വില. അവശേഷിക്കുന്ന 13,572/- രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനോ, ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുന്നതിനോ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/28.11.2023ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസം ക്രമീകരിച്ച് വിവരം അറിയിക്കുന്നത് വരെ, അവശേഷിക്കുന്ന 13,572/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം - അപാകതകൾ

പ്രൊ. നം. : 220/23 - വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

അടങ്കൽ : ₹1,00,200/- (1,00,000/- വികസന ഫണ്ട് - ജനറൽ, ₹200/- തനത് ഫണ്ട്)

ചെലവ് : ₹99,900/- BRN : 22155052038838801369845/16.03.2023

മേൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്യാനായി 333 മെൻസ്ട്രുവൽ കപ്പുകൾ ഒന്നിന് 300 രൂപ നിരക്കിൽ പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് തിരുവനന്തപുരം ൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 9423046472/20.03.2023, ₹99,900). പദ്ധതിയുടെ ഗുണഭോക്താക്കളായി ഭരണസമിതി തീരുമാനം 1(1)/12.10.2022, 1(6)/11.08.2023 എന്നിവ പ്രകാരം യഥാക്രമം 186 പേരേയും, 146 പേരേയും (ആകെ 332) അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം ഓഡിറ്റ് തീയ്യതി വരെ 103 ഗുണഭോക്താക്കൾക്ക് മാത്രമാണ് മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 230 എണ്ണം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിതരണം ചെയ്തിട്ടില്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
2. അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉള്ള ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ കൂടുതൽ എണ്ണം മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/28.11.2023ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 230 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ 69,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു.

## 1-19 പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകൾക്ക് G.O. (P) 259/2010/LSGD, തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകളാണ് ബാധകം. എന്നാൽ തൻ വർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവഹണം നടത്തിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള വാങ്ങലുകളിൽ പ്രസ്തുത വ്യവസ്ഥകൾ പാലിക്കാതെ സാധനങ്ങൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് വിവരം | ഇൻവോയ്സ്, പർച്ചേസ് വിവരം | അപാകതകൾ |
|---|---|---|---|
| 1 | പ്രൊ. നം : 218/23 - താനാളൂർ എഫ്.എച്ച്.സിയിൽ കുടിവെള്ള സംവിധാനമൊരുക്കൽ വാട്ടർ ഫിൽട്ടർ.<br>അടങ്കൽ : ₹50,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)<br>ചെലവ് : 48,380/- (BRN : 22150552038800728802, 03.11.2022) | SIDCO, മഞ്ചേരിയുടെ MJRI/22-23 /78/29.10.2022 നമ്പർ ഇൻവോയ്സ് പ്രകാരം രണ്ട് വാട്ടർ പ്യൂരിഫയറുകൾ ₹20,500/- നിരക്കിൽ വാങ്ങി. 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ ഇൻവോയ്സ് തുക : ₹48,380/- | വാട്ടർ പ്യൂരിഫയർ SIDCO യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥ പ്രകാരം ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിച്ചായിരുന്നു വാങ്ങൽ നടത്തേണ്ടിയിരുന്നത്. |
| 2 | പ്രൊ. നം : 241/23 - സബ് സെന്റർ ലാബുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക<br>അടങ്കൽ തുക : ₹1,60,000/- (ഹെൽത്ത് ഗ്രാന്റ്)<br>ചെലവ് : ₹1,34,339/- ബിൽ നം. 266/08.02.2023 (എ.സി.ആർ ) | M/s "നരൻ ചിറക്കൽ കോർപ്പറേറ്റ് പ്രൈ. ലി. കോഴിക്കോട്" എന്ന സ്ഥാപനത്തിന്റെ BH7499/01.02.2023 നമ്പർ ഇൻവോയ്സ് പ്രകാരം മേശ (യൂണിറ്റ് പ്രൈസ് ₹7,118.64), കസേര (യൂണിറ്റ് പ്രൈസ് ₹5,071.19) എന്നിവ ഓരോന്ന് വീതം വാങ്ങി. 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ ഇൻവോയ്സ് തുക : ₹14,384/- | പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥ പ്രകാരം ക്വട്ടേഷൻ നടപടി സ്വീകരിച്ചായിരുന്നു വാങ്ങൽ നടത്തേണ്ടിയിരുന്നത്. |

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) മേൽ സ്ഥാപനങ്ങളുമായി പ്രസ്തുത ഉപകരണങ്ങൾ/സാധനങ്ങൾ വിതരണം ചെയ്യുന്നതിന് റണ്ണിംഗ് കോൺട്രാക്ട് നിലവിൽ ഉണ്ടെന്ന വസ്തുത ചൂണ്ടിക്കാണിച്ച് മേൽ സ്ഥാപനങ്ങളുമായി കത്തിടപാട് നടത്തിയാണ് ഉപകരണങ്ങൾ നേരിട്ട് വാങ്ങിയത്. (ക്രമ നം. 1 പ്രകാരമുള്ള വാട്ടർ പ്യൂരിഫയർ ഒന്നിന് പ്രസ്തുത റണ്ണിംഗ് കോൺട്രാക്ട് പ്രകാരം അനുവദനീയമായ ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുക ₹13,328.1 ആണെങ്കിലും ഒരെണ്ണത്തിന് ജി.എസ്.റ്റി ഉൾപ്പെടെ ₹24,190/- നിരക്കിലാണ് വാങ്ങിയിട്ടുള്ളത്). ഗ്രാമപഞ്ചായത്ത് പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലുകൾ ഈ റണ്ണിംഗ് കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ നേരിട്ട് നടത്താൻ സർക്കാർ അനുമതി ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/28.11.2023ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ നടത്തിയ വാങ്ങലുകൾക്കായി മേൽ പ്രോജക്റ്റുകൾ പ്രകാരം നടത്തിയ ചെലവ് ₹62,764/- (₹48,380+₹14,384) ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു.

## 1-20 ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

തൻവർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹിച്ച ഹെൽത്ത് ഗ്രാന്റ് വകയിരുത്തിയ പ്രൊജക്റ്റുകളുടെ ഭാഗമായ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്റ്റ് വിവരം | നടത്തിയ പ്രവൃത്തി, ബിൽ വിവരം | അപാകതകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രൊ. നം 240 /23 - ഡയഗ്നോറ്റിക്ക് ഇൻഫാസ്ട്രക്ചർ ഓഫ് എഫ്.എച്ച്.സി ലാബ് അടങ്കൽ/ചെലവ് : ₹2,93,019/₹2,86,763 | താനാളൂർ കുടുംബാരോഗ്യ കേന്ദ്രം ലാബിൽ റാക്ക് സ്ലാബ് നിർമ്മാണം നടത്തി ഗ്രാനൈറ്റ് പാകിയതിന് അസി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. ശശിധരൻ നായർ. കെ. ആർ എന്ന വ്യക്തിയ്ക്ക് ₹22,400/- നൽകി.<br>വൗച്ചർ നം : 22200984/30.03.2023, ₹22,400/- | 1. പ്രവൃത്തി നിർവ്വഹണത്തിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിട്ടില്ല. ക്വട്ടേഷൻ/ടെണ്ടർ കൂടാതെ പ്രവൃത്തി ഏല്പിച്ചത് മരാമത്ത് നിർവ്വഹണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്.<br>2. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം അളവ് രേഖപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തത്. മരാമത്ത് പ്രവൃത്തികൾ പൂർത്തിയായ ശേഷം വിശദമായ അളവ് രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ച ശേഷം മാത്രമേ തുക അനുവദിക്കാവൂ. ആയതിനാൽ തുകയുടെ അനുവദനീയത വ്യക്തമല്ല. |
| 2 | പ്രൊ. നം 241 /23 - സബ് സെന്റർ ലാബുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക അടങ്കൽ/ചെലവ് : ₹1,60,000/₹1,34,339 | താനാളൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വട്ടത്താണി സബ്സെന്റർ ലാബിൽ റാക്ക് സ്ലാബ് നിർമ്മാണവും മറ്റു പ്രവൃത്തികളും നടത്തിയതിന് അസി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. ശശിധരൻ നായർ. കെ. ആർ എന്ന വ്യക്തിയ്ക്ക് ₹49,774/- നൽകി.<br>വൗച്ചർ നം : 22200986/30.03.2023, ₹49,774/- | 1. പ്രവൃത്തി നിർവ്വഹണത്തിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിട്ടില്ല. ക്വട്ടേഷൻ/ടെണ്ടർ കൂടാതെ പ്രവൃത്തി ഏല്പിച്ചത് മരാമത്ത് നിർവ്വഹണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്.<br>2. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം അളവ് രേഖപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തത്. മരാമത്ത് പ്രവൃത്തികൾ പൂർത്തിയായ ശേഷം വിശദമായ അളവ് രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ച ശേഷം മാത്രമേ തുക അനുവദിക്കാവൂ. ആയതിനാൽ തുകയുടെ അനുവദനീയത വ്യക്തമല്ല. |
| | | താനാളൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഫാബ്രിക്കേഷൻ വർക്ക് നടത്തിയതിന് ശ്രീ. ഫിറോസ് ബാബു ("M/s അലുഫാബ്, വൈലത്തൂർ") എന്നയാൾക്ക് ₹54,700/- നൽകി.<br>വൗച്ചർ നം : 22200985/30.03.2023, ₹58,284/- | 1. പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട ഇനങ്ങൾ എന്തെല്ലാമാണെന്നോ, അനുവദിച്ച തുക നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ളത് തന്നെയാണെന്നോ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.<br>2. ക്വട്ടേഷന് ഭരണ സമിതി അംഗീകാരം വാങ്ങിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ച് ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്കിലുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിക്കുകയാണ് ചെയ്തത്.<br>3. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം അളവ് രേഖപ്പെടുത്തിയിട്ടില്ല. |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/28.11.2023ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികൾക്കായി നടത്തിയ 1,26,874/- രൂപയുടെ (₹22,400+₹49,774+₹54,700) ചെലവ് ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 കുടുംബാരോഗ്യ കേന്ദ്രം അഭിവൃദ്ധിപ്പെടുത്തൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.- 89/23 - കുടുംബാരോഗ്യ കേന്ദ്രം അഭിവൃദ്ധിപ്പെടുത്തൽ
അടങ്കൽ : ₹6,00,000/- (5,84,425/- MG (NR), 15,575/- തനത് ഫണ്ട്)
ചെലവ് : ₹6,00,000/-

- . ₹1,20,000/- BRN22150552038800228590/22.6.2022
- . ₹1,20,000/- BRN22150552038800680797/30.9.2022
- . ₹3,44,425/- BRN22150552038800843744/30.11.2022
- . ₹15,575/- ബിൽ നം.175/30.11.2022 (ജന.പർപ്പസ്.ACR)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറം ആണ് ഈ പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹിച്ചത്. "Additional Development To Open Gym And Childrens Park At Family Health Centre, Tanalur" എന്ന പേരിൽ കരാർ ചമച്ച ഈ പ്രവൃത്തിയുടെ മറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ടി.എസ്.നം : NKMP/BLDG/TS 6,00,000/- രൂപ

(DSoR 2018, COI 36.44%, 8% Centage, 18% GST)

ഭരണാനുമതി നം.PR No.1(1)/23.3.2022

കരാർ നമ്പർ : NKMP/AGR/614B/A233/21-22/23.3.2022
എംബുക്ക് നം: MB/08/614B/22-23

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങളും അളവ് പുസ്തകം അനുസരിച്ച് നിർവ്വഹിച്ച ഇനങ്ങളും താഴെ പട്ടികയിൽ കൊടുക്കുന്നു.

| പ്രവൃത്തി ഇനം കോഡ് | എസ്റ്റിമേറ്റ് ക്വോണ്ടിറ്റി/നിരക്ക് (₹) | നിർവ്വഹിച്ച ക്വോണ്ടിറ്റി/ തുക (₹) |
|---|---|---|
| 2.8.1 | 15.397/@279.32$m^3$ | 11.962$m^3$ – 3,341.23 |
| 50.6.7.1 | 24.105/@6,745.17$m^3$ | 22.238$m^3$ – 1,50,021.33 |
| 502.25.1 | 45.301/@494.61$m^3$ | 73.14$m^3$- 36,175.78 |
| 4.1.2 | 1.214/@7,983.67$m^3$ | 2.763$m^3$ – 22,058.88 |
| 13.1.1 | 62.20/@295.45$m^2$ | 24.103$m^2$ – 7,121.23 |
| 13.43.1 | 42.90/@66.45$m^2$ | 33.843$m^2$ – 2,248.87 |
| 13.60.1 | 42.90/@142.40$m^2$ | 33.843$m^2$ – 4,819.24 |
| 16.68 | 113.25/@951.53$m^2$ | 86.703$m^2$ – 84,403.57 |
| LS For Chiledrens Park Equipments | 90,000 | E1 -Labour For Clearing Childerns Park Premises – 16 No – 16,000<br>E2- Art Work Painting- 1- 17,650 |

| | | |
|---|---|---|
| | | Additional Equipments<br>1- Three Horse Merry Go Round – 1- 45,000<br>2- Park Bench – 2 - 30,000<br>3. 2 Seat See Saw - 1- 15,000 |
| LS For Open Gym (Cross Trainer) | 37,000 | Cross Trainer – 1 -37,000<br>ആകെ - 4,70,840.13<br>Ltd To 4,70,800.79<br>Add 8% Centage 37,664.78<br>5,08,474.57<br>Add 18% GST 91,525.43<br>6,00,000 |
| Centage Chanrge 8% | 36,890 | |
| GST 18% | 89,641.99 | |
| Total | 5,87,652.99 | |
| L.S Round Off | 12,347.01 | |
| GT | 6,00,000 | 6,00,000 |

പ്രവൃത്തി 5.8.22 ന് ആരംഭിച്ച് 22.9.22 ന് പൂർത്തിയാക്കി സൈറ്റ് തിരികെ കൈമാറുകയും, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഫൈനൽ ബിൽ, എം.ബുക്ക് എന്നിവ നൽകകയും ചെയ്തിട്ടുണ്ട്. L.S ഇനങ്ങൾക്ക് KSM അസോസിയേറ്റ്സിൽ നിന്നുള്ള GST ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക സംബന്ധിച്ച സർക്കാർ ഉത്തരവ് ((പി) നം:104/2022 /ധനം/തീ:2.09.2022) പ്രകാരം ജില്ലക്ക് അകത്തുള്ള കോസ്റ്റ് എഫക്ടീവ് പ്രവൃത്തികളിൽ NON PMC ആയാണ് ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറത്തിന് അക്രഡിറ്റേഷൻ ഉള്ളത്. ഈ പ്രൊജക്ട് പ്രകാരം ഉള്ള പ്രവൃത്തി അത്തരത്തിൽ ഉള്ളതല്ല. ആയതിനാൽ ഈ പ്രവൃത്തി NON PMC വ്യവസ്ഥയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറത്തെ ഏല്പിച്ചത് ഈ ഉത്തരവിന്റെ നിർദ്ദേശത്തിന് വിരുദ്ധമാണ്.

2. സർക്കാർ ഉത്തരവ് (പി) നം:67/2021/ധനം/തീ:28.4.2021 പ്രകാരം പ്രവൃത്തിയുടെ തരം, സാങ്കേതികത്വം എന്നിവ കണക്കിലെടുത്ത് സെന്റേജ് ചാർജിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചാണ് നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഈ പ്രൊജക്ടിൽ അത്തരം നടപടി സ്വീകരിച്ചിട്ടില്ല.

3. സർക്കാർ ഉത്തരവ് (പി) നം:67/2021/ധനം/തീ:28.4.2021 പ്രകാരം പ്രവൃത്തിയുടെ പ്രത്യേകത, ഫണ്ടിംഗ് ഏജൻസികൾ നിശ്ചയിക്കുന്ന സമയക്രമം, സ്വന്തം എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രവൃത്തി ബാഹുല്യം എന്നിവ കണക്കിലെടുത്താണ് ഒരു പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കേണ്ടത്. ഈ പ്രവൃത്തി അത്തരത്തിൽ പ്രത്യേകത ഉള്ളതല്ല. ഇതിലെ സിവിൽ പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർവ്വഹിക്കാവുന്നതും, ബാക്കി വാങ്ങലുകൾ ക്വട്ടേഷൻ/ടെണ്ടർ മുഖേനെ നിർവ്വഹണ ഉദ്യോഗസ്ഥന് നിർവ്വഹിക്കാവുന്നവയുമാണ്. ആയതിനാൽ ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചത് ക്രമ പ്രകാരമല്ല.

4. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ LS പ്രൊവിഷൻ നൽകി നിർവ്വഹിച്ച ചിൽഡ്രൻസ് പാർക്കിലേക്കുള്ള ഉപകരണങ്ങൾ, ജിമ്മിലേക്കുള്ള ക്രോസ്സ് ട്രെയ്നർ എന്നിവക്ക് അംഗീകൃത നിരക്ക് ഇല്ല. അതിനാൽ ഈ സാധനങ്ങൾ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ നിർവ്വഹണ ഏജൻസി, KSM അസോസിയേറ്റ്സിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സാധനങ്ങളുടെ ഗുണ നിലവാരം വില എന്നി സംബന്ധിച്ച് വ്യക്തതയില്ല.

5. അളവ് പുസ്തകം പേജ് 18 പ്രകാരം എക്സ്ട്രാ ഇനം 2 ആയി ആർട് പെയ്ന്റിംഗ് നടത്തിയിട്ടുണ്ട്. ഇതിന് 17,650/- രൂപ അനുവദിച്ചിട്ടുണ്ട്. ലംപ്സം പ്രവൃത്തിയായി കണക്കാക്കിയാണ് തുക നൽകിയിട്ടുള്ളത്. ഇതിന്റെ നിരക്ക് നിശ്ചയിക്കുകയോ, നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ തുകയുടെ അനുവദനീയത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. ബില്ലിൽ നിന്നും 2% വരുമാന നികുതി TDS, 2% GST TDS എന്നിവ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/28.11.2023ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. 6,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു

**1-22 മിനി മാസ്റ്റ് റിപ്പയർ - ടെണ്ടർ നടപടിയിലെ അപാകത - പഞ്ചായത്തിന് 1,30,987 രൂപ നഷ്ടം**

നിർവഹണം : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ, പേര് : SO 65/23, തകരാറിലായ മിനി മാസ്റ്റ് ലൈറ്റ് പ്രവർത്തനക്ഷമമാക്കൽ

അടങ്കൽ തുക : ₹9,57,000/-

ചെലവ് തുക : ₹4,84,073/- (തനത് ഫണ്ട്)

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ തകരാറിലായ മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ജില്ലാതല സാങ്കേതിക സമിതിയുടെ മേൽ നോട്ടത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകതയുള്ളതായി കാണുന്നു.

**1.** മേൽ പ്രവൃത്തിക്കായി 07.02.2022 ന് എ.ഇ 567/21 നമ്പറായി ഇ - ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം 3 ടെണ്ടറുകൾ ലഭ്യമായി. കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. ഹുസൈൻ. എം.വി എന്നയാളുടെ ടെണ്ടർ കേരള ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് ലൈസൻസുള്ള പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാലും, രണ്ടാമതായി കുറവ് തുക ക്വാട്ട് ചെയ്ത ഇറാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ ആയതിനാലും പ്രൊജക്റ്റ് അടിയന്തിരമായി റീ ടെണ്ടർ ചെയ്യാൻ 02.03.2022 ലെ 1 (2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ ലഭ്യമായ 3 ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ താഴെയായിരുന്നു എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. ലഭ്യമായ 3 ടെണ്ടറുകളിലെയും ക്വാട്ട് ചെയ്ത നിരക്കും (ഐറ്റം വൈസ് നിരക്ക് - ഒരെണ്ണത്തിന്), എസ്റ്റിമേറ്റ് നിരക്കും (ഐറ്റം വൈസ് നിരക്ക് - ഒരെണ്ണത്തിന്), തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഐറ്റം | എസ്റ്റിമേറ്റ് നിരക്ക് (₹) | Kerala Electrical And Allied Eng. Co. Ltd (L3) | Eran Associates (L2) | Hussain (L1) |
|---|---|---|---|---|
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 150 W Flood Light | 11,550.00 | 10,260 | 7,999 | 6,000 |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 200 W Flood Light | 15,647.02 | 12,960 | 9,999 | 8,000 |
| 24 Hours Analog Timer For Operating Automatic ON-OFF Function | 1,800.00 | 2,376 | 1,999 | 1,500 |
| Supply And Fixing 25 A, 2 Pole AC 1 Rated Power Contactor Wit I NO+1NC Auxillary Contacts & With AC | 1,325.56 | 1,836 | 999 | 1,000 |
| Supply And Fixing Following Rating Double Pole (Single Phase And Neutral) 240 V Residual Current Circuit Breaker (RCCB) Having A Sensitivity Current 30 Ma In The Existing MCB DB Comlete With Connection, Testing And Commission Etc. Asn Required 40 Amps | 2,506.40 | 2,160 | 999 | 1,200 |
| **Total Amount** | **32,828.98** | **29,592** | **21,995** | **17,700** |

L1 ആയി ക്വാട്ട് ചെയ്ത ശ്രീ. ഹുസൈൻ. എം.വി യെ പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ നിരസിച്ചെങ്കിലും, L2 ആയി ക്വാട്ട് ചെയ്ത ഇറാൻ അസോസിയേറ്റ്സിന്റെ ടെണ്ടർ, എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ എന്ന് കാണിച്ച് നിരസിച്ചത് ക്രമപ്രകാരമല്ല. 32,828.98/- രൂപയാണ് എസ്റ്റിമേറ്റ് നിരക്ക്. ആയതിനെക്കാൾ കുറവായിരുന്നു ലഭ്യമായ 3 ടെണ്ടറുകളും.

**2.** പിന്നീട് മേൽ പ്രവൃത്തിക്കായി 07.03.2022 ന് എ.ഇ 567/21 നമ്പറായി റീ - ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം 2 ടെണ്ടറുകൾ ലഭ്യമായി. ആദ്യ ടെണ്ടറിനെക്കാൾ കൂട്ടൽ ആയിരുന്ന പിന്നീട് ലഭ്യമായ ടെണ്ടറുകളിലെ നിരക്ക്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | Dinesan K, Electra | Diamond Engineering |
|---|---|---|

| | Engineering ( L1) | Works ( L2) |
|---|---|---|
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 150 W Flood Light | 10,395 | 11,500 |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 200 W Flood Light | 14,082 | 13,500 |
| 24 Hours Analog Timer For Operating Automatic ON-OFF Function | 1,620 | 1,600 |
| Supply And Fixing 25 A, 2 Pole AC 1 Rated Power Contactor Wit I NO+1NC Auxillary Contacts & With AC | 1,193 | 1,100 |
| Supply And Fixing Following Rating Double Pole (Single Phase And Neutral) 240 V Residual Current Circuit Breaker (RCCB) Having A Sensitivity Current 30 Ma In The Existing MCB DB Comlete With Connection, Testing And Commission Etc. Asn Required 40 Amps | 2,255 | 2,200 |
| **Total Amount** | **29,545** | **29,900** |

മേൽ റീ ടെണ്ടറിൽ L1 ആയി ക്വാട്ട് ചെയ്ത ശ്രീ. ദിനേശൻ, എലക്ട്രാ എഞ്ചിനീയറിംഗ് വർക്സ് എന്ന വ്യക്തിക്ക് ഇലക്ട്രിക്കൽ സി സർട്ടിഫിക്കറ്റ് ആയതിനാൽ ആയത് നിരസിച്ച്, L2 ആയി ക്വാട്ട് ചെയ്ത ഡയമണ്ട് എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുന്നതിന് 23.03.2022 ലെ 2 (2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്.

ആദ്യ ടെണ്ടർ പ്രാകരം കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികമാണ് എന്ന് തെറ്റായ കാരണം കാണിച്ച് നിരസിച്ച്, റീ ടെണ്ടറിലെ ഉയർന്ന നിരക്കിലുള്ള 29,900/- രൂപയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിച്ചത് മൂലം പ്രൊജക്റ്റിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/27.11.2023) മറുപടി ലഭ്യമാക്കിയില്ല.

**3.** ആദ്യ ടെണ്ടർ പ്രാകരം അംഗീകരിക്കാമായിരുന്ന കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കാതെ റീ ടെണ്ടർ നടത്തി ഉയർന്ന നിരക്ക് ക്വട്ട് ചെയ്ത സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചത് മൂലം പഞ്ചായത്തിന് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം ഉണ്ടായി.

| ഐറ്റം | അനുവദിച്ചത് (റീ ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച സ്ഥാപനം - Diamond Engineering Works) | | | അനുവദിക്കാവുന്നത് (ആദ്യ ടെണ്ടറിലെ L2 അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ട തുക - Eran Associates) | | | അധികം (₹) |
|---|---|---|---|---|---|---|---|
| | ക്വാട്ട് ചെയ്ത നിരക്ക് (₹) | ചെയ്ത പ്രവൃത്തി/ എണ്ണം (എം. ബുക്ക് നമ്പർ 243/22-23 പ്രകാരം) | അനുവദിച്ച തുക (₹) | ക്വാട്ട് ചെയ്ത നിരക്ക് (₹) | ചെയ്ത പ്രവൃത്തി/ എണ്ണം (എം. ബുക്ക് നമ്പർ 243/22-23 പ്രകാരം) | അനുവദിച്ച തുക (₹) | |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 150 W Flood Light | 11,500 | 30 | 3,45,000 | 7,999 | 30 | 2,39,970 | 1,05,030 |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 200 W Flood Light | 13,500 | 3 | 40,500 | 9,999 | 3 | 29,997 | 10,503 |
| 24 Hours Analog Timer For Operating Automatic ON-OFF Function | 1,600 | 10 | 16,000 | 1,999 | 10 | 19,990 | (-) 3,990 |
| Supply And Fixing 25 A, 2 Pole AC 1 Rated Power Contactor Wit I NO+1NC Auxillary Contacts & With AC | 1,100 | 6 | 6,600 | 999 | 6 | 5,994 | 606 |

| | | | | | | | |
|---|---|---|---|---|---|---|---|
| Supply And Fixing Following Rating Double Pole (Single Phase And Neutral) 240 V Residual Current Circuit Breaker (RCCB) Having A Sensitivity Current 30 Ma In The Existing MCB DB Comlete With Connection, Testing And Commission Etc. Asn Required 40 Amps | 2,200 | 4 | 8,800 | 999 | 4 | 3,996 | 4,804 |
| **Total Amount** | **29,900** | | **4,16,900** | **21,995** | | **2,99,947** | **1,16,953** |

ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| **മൂല്യ നിർണ്ണയം (₹)** | | | | **കുറിപ്പ് (നൽകിയ തുകയുടെ വിശദാംശം)** | | |
|---|---|---|---|---|---|---|
| **നൽകിയത്** | | **നൽകേണ്ടിയിരുന്നത്** | **അധികം** | **സ്ഥാപനം** | **തുക (₹)** | **വൗച്ചർ നമ്പർ/തിയ്യതി** |
| ആകെ പ്രവൃത്തി മൂല്യം | 4,16,900 | 2,99,947 | 1,16,953 | Diamond Engineering Works | 4,50,252 | 22200183/04.06.2022 |
| Add GST 12% | 50,028 | 35,994 | 14,034 | ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള ഓണറേറിയം | 17,145 | |
| Total | 4,66,928 | 3,35,941 | 1,30,987 | IT | 4,169 | 22200236/23.06.2022 |
| ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള ഓണറേറിയം | 17,145 | 17,145 | 0 | KBOCCWW | 4,169 | 22200209/13.06.2022 |
| **ആകെ** | **4,84,073** | **3,53,086** | **1,30,987** | CGST - TDS | 4,169 | 22200220/21.06.2022 |
| | | | | SGST - TDS | 4,169 | 22200221/21.06.2022 |
| | | | | **ആകെ** | **4,84,073** | |

തെറ്റായ തീരുമാനം മൂലം ഗ്രാമ പഞ്ചായത്തിന് മേൽ പ്രൊജക്ട് പ്രകാരം 1,30,987/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധിക ചെലവിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നമ്പർ : 23/29.11.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന് ഉണ്ടായ നഷ്ടം 1,30,987/- രൂപ തെറ്റായ തീരുമാനം എടുത്ത 02.03.2022 ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളുടെയും, സെക്രട്ടറിയുടെയും തുല്യ ബാധ്യതയായി നിജപ്പെടുത്തുന്നു. (ഖണ്ഡിക 3-1 കൂടി കാണുക)

**1-23 പ്രൊജക്ട് ചെലവുകൾ - വിനിയോഗ വിവരം ലഭ്യമല്ല**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 2022-23 വർഷത്തെ വിവിധ പ്രൊജക്ടുകളിലായി ചുവടെ ചേർക്കും പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. ചെലവുകളുടെ അനുബന്ധ രേഖകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | അടങ്കൽ തുക (₹)/ ഫണ്ട് ഇനം | ചെലവ് തുക (₹) | BRN നമ്പർ / തിയ്യതി | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|---|---|
| 05/23<br>ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | 2,65,000<br>വികസന ഫണ്ട് - ഫണ്ട് ജനറൽ | 2,65,000 | 22150552006200494013/01.09.2022 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറത്തിന് നൽകി | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| ആകെ | | 2,65,000 | | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 24/29.11.2023) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം അനുവദിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 2,65,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ, പേര് : 247/23, ശ്രവണ സഹായ ഉപകരണങ്ങളുടെ റിപ്പയറിംഗ് - സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ

അടങ്കൽ : ₹1,00,000/-

ചെലവ് തുക : ₹1,00,000/-

ഫണ്ട് : വികസന ഫണ്ട് ജനറൽ

ബിൽ റഫറൻസ് നമ്പർ / തിയ്യതി : 22150552038701532586/28.03.2023

ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത 1. ശ്രീ. മുഹമ്മദ് അർഷിൽ ഷാന് (വാർഡ് - 7), 2. ശ്രീ. മുഹമ്മദ് ഷഹജാസ് (വാർഡ് - 1) എന്നീ 2 ഗുണഭോക്താക്കളുടെ ശ്രവണ സഹായ ഉപകരണങ്ങളുടെ റിപ്പയറിംഗിനായി ഗുണഭോക്താവ് ഒന്നിന് 50,000/- രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ മിഷന് 1,00,000/- രൂപ കൈമാറിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. ഗുണഭോക്താക്കൾക്ക് ഈ ഇനത്തിൽ ലഭ്യമായ സേവനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ/രേഖകൾ പരിശോധക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 10/27.11.2023) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷന് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് ലഭ്യമാവുന്ന മുറക്ക് വിവരം അറിയിക്കുന്നതാണ് എന്നും വിശദീകരിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്താക്കൾക്ക് ഈ ഇനത്തിൽ ലഭ്യമായ സേവനങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,00,000/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അധിക തുക അനുവദിച്ചു

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ, പേര് : 73/23, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ

അടങ്കൽ : ₹32,20,000/-

ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നമ്പർ/തിയ്യതി | ചെലവ് തുക (₹) | ഫണ്ട് |
|---|---|---|
| 22150552038701375231/16.03.2023 | 6,10,150 | വികസന ഫണ്ട് ജനറൽ |
| 22150552038701293062/04.03.2023 | 6,22,300 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 22150552038701189059/14.02.2023 | 3,94,000 | വികസന ഫണ്ട് ജനറൽ |
| 22150552038701185257/14.02.2023 | 5,33,000 | വികസന ഫണ്ട് ജനറൽ |
| 22150552038700868253/06.12.2022 | 2,30,000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 22150552038701184008/14.02.2023 | 4,00,000 | വികസന ഫണ്ട് ജനറൽ |

| | | |
|---|---|---|
| 221505520387013 75240/16.03.2023 | 2,62,800 | വികസന ഫണ്ട് ജനറൽ |
| 221505520387015 48565/28.03.2023 | 5,200 | വികസന ഫണ്ട് ജനറൽ |
| **ആകെ** | **30,57,450** | |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ 28.05.2022, 7.1.6 (എ), (ബി) എന്നിവ പ്രകാരം ശാരീരിക / മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ചുവടെ ചേർക്കും പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്, വാർഷിക ബത്ത എന്നിവക്ക് അർഹതയുണ്ട്.

| **(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ (₹)** | | | | **(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ (₹)** | |
|---|---|---|---|---|---|
| **സ്റ്റാൻഡേർഡ്, ക്ലാസ്സ്, ഇനം** | **ഡേ സ്കോളർ** | **വാർഷിക ബത്ത** | **ആകെ വാർഷികം** | പ്രതിമാസ സ്കോളർഷിപ്പ് | 1,000 |
| 1 മുതൽ 4 ക്ലാസ്സ് വരെ / നഴ്സറി ക്ലാസ്സ് | 400 | 500 | 5,300 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1,500 |
| 5 മുതൽ 8 ക്ലാസ്സ് വരെ | 500 | 600 | 6,600 | പഠന സഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2,000 |
| 9, 10, + 1, + 2 ക്ലാസ്സുകൾ | 600 | 800 | 8,000 | ഡേ സ്കോളർ യാത്രാ ബത്ത (പ്രതിമാസം) | 1,000 |
| ബിരുദം | 1,000 | 1,000 | 13,000 | ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം, മുതലായവക്ക് രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1,000 |
| | | | | **ആകെ വാർഷികം** | **28,500** |

**എ)** 2022-23 വർഷത്തിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചപ്പോൾ, ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് മേൽ പട്ടിക പ്രകാരം അർഹമായതിലും അധികം തുക നൽകിയതായി കാണുന്നു.

| **ക്രമ നം** | **വിദ്യാർത്ഥിയുടെ പേര്** | **വാർഡ് നമ്പർ** | **ക്ലാസ്സ്** | **അക്കൗണ്ട് നമ്പർ** | **വൗച്ചർ നമ്പർ / തിയ്യതി** | **അനുവദിച്ച തുക (₹)** | **അർഹമായ തുക (₹)** | **അധികം (₹)** |
|---|---|---|---|---|---|---|---|---|
| 1 | മിഥുൻ കെ, കരുപറമ്പിൽ | 1 | 7 | 1489108039462 | 221505520387013 75231/16.03.23 | 6750 | 6600 | 150 |
| 2 | അൻഷാദ് പി, പൊറ്റശ്ശേരി | 18 | + 2 | 110040494880 | 221505520387011 85257/14.02.23 | 10000 | 8000 | 5250 |
| | | | | | 221505520387012 93062/04.03.23 | 3250 | | |
| | | | | | ആകെ | 13250 | | |
| 3 | ഫാത്തിമ ഷാഹിന, അസ്സമക്കിത്താനകത്ത് | 17 | 7 | 0884053000001062 | 221505520387011 89059/14.02.23 | 5000 | 6600 | 150 |
| | | | | | 221505520387012 93062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| 4 | മിൻഹ സ്വലാഹ് ടി, താഴത്തേതിൽ | 17 | 7 | 04260530000014761 | 221505520387011 89059/14.02.23 | 5000 | 6600 | 150 |
| | | | | | 221505520387012 93062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| 5 | മുഹമ്മദ് ഷനാഫ് ടി.കെ, തേക്കും കാട്ടിൽ | 16 | 8 | 159422120000069 | 221505520387011 85257/14.02.23 | 5000 | 6600 | 150 |
| | | | | | 221505520387012 93062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| 6 | മുഹമ്മദ് സുഫിയാൻ പള്ളിമാലിൽ | 11 | 8 | 1049101042775 | 221505520387012 93062/04.03.23 | 6750 | 6600 | 150 |
| 7 | നിയ ടി, തോട്ടുങ്ങൽ | 9 | 5 | 0596053000013634 | 221505520387011 85257/14.02.23 | 5000 | 6600 | 150 |
| | | | | | 221505520387012 93062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| 8 | മുഹമ്മദ് ഷമാസ്, നന്താനിപറമ്പ് | 7 | 6 | 08840530000056 | 221505520387012 93062/04.03.23 | 6750 | 6600 | 150 |
| 9 | റൻഹ വി.പി, വലിയ പറമ്പിൽ | 6 | 5 | 0884053000001282 | 221505520387011 85257/14.02.23 | 5000 | 6600 | 150 |
| | | | | | 221505520387012 93062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| 10 | അമാനസ്സമാൻ പി, പുളിക്കിയത്ത് | 6 | + 2 | 67230223370 | 221505520387011 85257/14.02.23 | 6000 | 8000 | 18000 |
| | | | | | 221505520387013 75231/16.03.23 | 20000 | | |
| | | | | | ആകെ | 26000 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | മുഹമ്മദ് അർഷദ് അപ്പത്തിൽ | 5 | 5 | 40186101072688 | 22150552038701185257/14.02.23 | 10000 (3250 രൂപ തിരികെ അടവാക്കി) | 6600 | 150 |
| 12 | മുഹമ്മദ് അർഷാദ് വി, വെള്ളിയത്ത് | 5 | BBA | 40186100401895 | 22150552038700868253/06.12.22 | 10000 (6750 രൂപ തിരികെ അടവാക്കി) | 13000 | 250 |
| | | | | | 22150552038701185257/14.02.23 | 10000 | | |
| | | | | | ആകെ | 13250 | | |
| 13 | ഷാത്തിയ സോന ടി, ഉപ്പത്തിൽ | 2 | B.Com | 67326750898 | 22150552038701293062/04.03.23 | 3250 | 13000 | 250 |
| | | | | | 22150552038701185257/14.02.23 | 10000 | | |
| | | | | | ആകെ | 13250 | | |
| 14 | അസ്ലം ടി.പി, തയ്യിൽ പറമ്പിൽ | 2 | 7 | 36000357023 | 22150552038701185257/14.02.23 | 5000 | 6600 | 150 |
| | | | | | 22150552038701293062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| 15 | ഫാത്തിമ ഹഫ്ന, മേലോടത്ത് | 1 | 6 | 1489101044569 | 22150552038701185257/14.02.23 | 5000 | 6600 | 150 |
| | | | | | 22150552038701293062/04.03.23 | 1750 | | |
| | | | | | ആകെ | 6750 | | |
| ആകെ അധികമായി അനുവദിച്ച തുക | | | | | | | | 25,400 |

**ബി)** മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന ഒരു വിദ്യാർത്ഥിക്ക് പ്രതി വർഷം 28,500/- രൂപ വരെ അനുവദിക്കാവുന്നതാണ്. 2022-23 വർഷത്തിൽ സ്കോളർഷിപ്പ് അനുവദിച്ചപ്പോൾ ചുവടെ ചേർക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് അർഹമായതിലും അധികം തുക നൽകിയതായി കാണുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | വാർഡ് നമ്പർ | അക്കൗണ്ട് നമ്പർ | വൗച്ചർ നമ്പർ / തിയ്യതി | അനുവദിച്ച തുക (₹) | അർഹമായ തുക (₹) | അധികം (₹) |
|---|---|---|---|---|---|---|---|
| 1 | ഫർസിൻ ഒ.പി, ഓരോത്ത് പറമ്പിൽ | 5 | 40186101073933 | 22150552038701375231/16.03.23 | 28,500 | 28,500 | 10,000 |
| | | | | 22150552038700868253/06.12.22 | 10,000 | | |
| | | | | **ആകെ** | **38,500** | | |
| **ആകെ അധികമായി അനുവദിച്ച തുക** | | | | | | | **10,000** |

സ്കോളർഷിപ്പ് ഇനത്തിൽ അധിക തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/27.11.2023) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ തുക ഓരോ കുട്ടിയിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ എന്ന പ്രൊജക്ടിൽ നിന്നും കുറവ് ചെയ്ത് അറിയിക്കുന്നതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. അപ്രകാരം അധികം നൽകിയ തുക ക്രമീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-26 ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിയ്ക്കാത്തത്

ലൈഫ് മിഷൻ പദ്ധതിയിൽ ഒന്നാം ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

പ്രൊജക്ട് : ലൈഫ് മിഷൻ പദ്ധതി( ജനറൽ.), 101/23

അടങ്കൽ : ₹4,17,15,390/-

ചെലവ് : ₹1,72,22,711/-

| ഗുണഭോക്താവിന്റെ പേര് | വാർഡ് | ഒന്നാം ഗഡു കൈപ്പറ്റിയ തീയതി | തുക (₹) |
|---|---|---|---|
| ഫാത്തിമ ചെന്നല്ലൂർ | 19 | 22.03.2023 | 40,000 |

ടിയാൾ ഭവന നിർമാണം ആരംഭിയ്ക്കാത്തതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/28.11.23 നുള്ള മറുപടിയിൽ, ഉടൻ പ്രവൃത്തി തുടങ്ങുമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നും നിർമാണം ആരംഭിയ്ക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 എസ്.എസ്.കെ വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് : എസ്.എസ്.കെ വിഹിതം നൽകൽ, 116/2023

അടങ്കൽ : ₹15,00,000/- (വികസന ഫണ്ട് )

ചെലവ് – ₹15,00,000/- BRN 22150552038300541628/14.09.22

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ ഈ പദ്ധതി പ്രകാരം 15,00,000/- രൂപ സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19.04.2022, ഖണ്ഡിക8-6 (3), (4), (5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 15,00,000/- രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/27.11.23 ന് ലഭ്യമാക്കിയ മറുപടിയിൽ, വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം അനുവദിയ്ക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-28 തുല്യതാ പഠനം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് : 114/2023 – തുല്യതാ പഠനം

അടങ്കൽ : ₹1,50,000/- (തനത് ഫണ്ട്)

ചെലവ് : ₹17,500/-വൗച്ചർ നം. 22200558/2.11.22

ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം തുല്യതാ കോഴ്സ് ഫീസായി 17,500/- രൂപ ഡയറക്ടർ കേരളാ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.ഈ പദ്ധതി പ്രകാരം റജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ലിസ്റ്റ്, പരീക്ഷ എഴുതിയവരുടെ വിവരം, തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/29.09.23 ന് ലഭ്യമാക്കിയ മറുപടിയിൽ, ഈ വിവരങ്ങൾ ലഭ്യമാക്കി അറിയിയ്ക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-29 സ്പോർട്സ് കിറ്റ് വാങ്ങിയത് – ടി.ഡി.എസ്. ഈടാക്കിയില്ല.

നിർവ്വഹണം ഹെഡ്മിസ്ട്രസ്

പ്രൊജക്റ്റ് : അറിവകം - സമഗ്ര വിദ്യാഭ്യാസ പരിപാടി. (156/23)
അടങ്കൽ : ₹9,01,200/- (തനത്)

ചെലവഴിച്ച തുക : ₹3,27,800/- 22201099/31.3.23

പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ കായിക വികസനം, പ്രവർത്തന മികവുകൾ എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയാണ് അറിവകം - സമഗ്ര വിദ്യാഭ്യാസ പരിപാടി. ഈ പദ്ധതിയിൻ കീഴിൽ ഇൻവോയ്സ് നം 1/18.1.23 പ്രകാരം 23 ഇനം കായിക ഉപകരണങ്ങളടങ്ങിയ 11 സ്പോർട്സ് കിറ്റുകൾ 29,800/- രൂപ പ്രകാരം വാങ്ങിയതിന് GST 40,078/- രൂപ അടക്കം 3,27,800/- രൂപ ബ്രദേഴ്സ് സ്പോർട്സ് & ജേഴ്സി, കൊല്ലം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

CGST നിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 2,50,000/-ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർചേയ്സിൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/27.11.23 ന് മറുപടിയിൽ ടി.ഡി.എസ്. കുറവു ചെയ്ത് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടിവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ – ടി.ഡി.എസ് ഈടാക്കാത്തത്

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്റ്റിന്റെ പേര് : ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ - 251/23

അടങ്കൽ : ₹3,05,448/- (പ്ലാൻ)

ചെലവ് : ₹3,05,448/-

മേൽ പ്രൊജക്റ്റ് പ്രകാരം, ഹരിത സഹായ സ്ഥാപനമായ IRTC മുണ്ടൂരിന് കൺസൾട്ടൻസി ഫീ ആയി താഴെ പറയും പ്രകാരം 3,05,448/- രൂപ നൽകിയിട്ടുണ്ട് .

| ബി. ആർ നം/ തീയതി | തുക (₹) |
|---|---|
| 22150552048400809534/21.11.22 | 1,78,178 |
| 22150552048401366813/16.3.23 | 1,01,816 |

| | |
|---|---|
| 22150552048401573797/31.3.23 | 25,454 |
| **ആകെ** | **3,05,448** |

24.05.22 ന വച്ച കരാറുടമ്പടി പ്രകാരം 25454/- രൂപ നിരക്കിൽ 12 മാസത്തേയ്ക്കുള്ള തുകയാണ് കൺസൾട്ടൻസി ഫീ ആയി അനുവദിച്ചിട്ടുള്ളത്. എന്നാൽ ബില്ലിൽ നിന്നും ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 പ്രകാരം 2% വരുമാന നികുതി (ടി.ഡി.എസ്) ഈടാക്കി അടവാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/30.11.2023 മറുപടി ലഭ്യമാക്കിയിട്ടില്ല.ടി.ഡി.എസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-31 എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികം നൽകി.

പ്രൊജക്ട് : വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.സി.)116/2023

അടങ്കൽ : ₹5,40,000/- (4,75,000 General, 65,000 SCP)

ആകെ ചെലവ് : ₹5,40,000/-

BRN : 22150552038301182257/13.2.23

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകിയതിൽ സ.ഉ(കൈ) 115/2022/തസ്വഭവ തി. 28.05.2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്നതിലും അധികം തുക നൽകിയിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക (₹) | നൽകാവുന്നത് (₹) | അധികം (₹) |
|---|---|---|---|---|
| സുബിന.വി. | ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നീഷ്യൻ കോഴ്സ് (2വർഷം)/ മെഡി. കോളേജ് എറണാകുളം | 25,000 | 15,000 | 10,000 |

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 /27.11.23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി ട്രഷറിയിൽ അടവാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. (ഖണ്ഡിക. 3-3 കാണുക).

## 1-32 പ്രവൃത്തികൾ വിഭജിച്ച് നടപ്പാക്കിയത് ക്രമ വിരുദ്ധം

തൻവർഷം പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പേരിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് നവീകരണം എന്ന പേരിലും താഴെ കൊടുത്ത പ്രകാരം രണ്ട് പ്രൊജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ചിട്ടുണ്ട്.

| പഞ്ചായത്ത് ഓഫീസ് നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് നവീകരണം |
|---|---|
| പ്രൊജക്ട് നം.- 48/23 (62/22)<br>അടങ്കൽ : ₹4,00,000/-, തനത് ഫണ്ട്<br>ടി.എസ്. നം : 72183/5.1.2022 DsoR 2018, COI 36.44%<br>കരാർ നമ്പർ : 41/2021-.22/18.1.2022 (14% കുറവ്)<br>കരാറുകാരൻ : ബാലകൃഷ്ണൻ. കെ<br>എംബുക്ക് നം: 374/20-21,375/20-21<br>ചെലവ്: ₹3.09,045/- ബിൽ നം.235/18.1.2023 (ജന.പർപ്പസ്.ACR) | പ്രൊജക്ട് നം - 37/23 (101/22)<br>അടങ്കൽ : ₹4,80,000/-, തനത് ഫണ്ട്<br>ടി.എസ്. നം : 64736/16.12.2021 DsoR 2018, COI 36.44%<br>കരാർ നമ്പർ : 39/2021-.22/18.1.2022 (14% കുറവ്)<br>കരാറുകാരൻ : ബാലകൃഷ്ണൻ.കെ<br>എംബുക്ക് നം: 175/21-22<br>ചെലവ്: ₹3,10,156/- ബിൽ നം.236/18.1.2023 (ജന.പർപ്പസ്.ACR |

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ തന്നെയാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയവും പ്രവർത്തിക്കുന്നത്. മേൽ രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും സമാന ഇനങ്ങൾ ഉൾപ്പെട്ടിട്ടുമുണ്ട്. ആയതിനാൽ ഈ പ്രവൃത്തി രണ്ട് പ്രവൃത്തിയായി വിഭജിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ലാത്തതിനാൽ ആയതിന് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.7/25.11.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന് ലഭ്യമാക്കിയ 30.11.2023 തീയ്യതിയിലെ മറുപടിയിൽ രണ്ട് ഓഫീസുകൾ ആയതിനാലാണ് രണ്ട് പ്രൊജക്ടുകളായി നടപ്പാക്കിയത് എന്നും ഭാവിയിൽ അപാകത ആവർത്തിക്കില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-33 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് - തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യിൽ ഉള്ള 00000034294680622 നമ്പർ അക്കൗണ്ടിൽ, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, 31.3.2023 ന് 497010/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ തീയ്യതിക്ക് ശേഷം 25.11.2023 വരെ പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ സെറ്റിൽമെന്റ് ഇനത്തിലുള്ള തുകകളും, 18.11.2023 ൽ തനത് ഫണ്ടിൽ നിന്ന് അക്കൗണ്ട് ട്രാൻസ്ഫർ ആയി

വരവ് വന്ന 25,514/- രൂപയും ആണ് വരവ് വന്നിട്ടുള്ളത്. നീക്കിയിരിപ്പ് തുകയിൽ നിന്നും ഈ കാലയളവിൽ രണ്ട് ചെക്കുകളിലായി ആകെ 6,062/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 25.11.2023ന് അക്കൗണ്ടിൽ 5,67,954/- രൂപ നീക്കിയിരിപ്പുണ്ട്. ഈ സാഹചര്യത്തിൽ 31.3.2023 ന് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 4,97,010/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.17/27.11.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ 4,63,352/- രൂപ കരാറുകാർക്ക് നൽകാൻ ഉള്ളതാണെന്നും ബാക്കി നീക്കിയിരിപ്പുള്ള 33,658/- രൂപ ഏതിനത്തിലുള്ളതാണെന്ന് പരിശോധിച്ച് അതാത് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കി, നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി, അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിവിധ പ്രവൃത്തികളുടെ ബിൽ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ഈ അക്കൗണ്ടിലേക്ക് അനുവദിച്ച തുക കരാറുകാർക്ക് നാളിതുവരെ നൽകാതിരുന്നതിന് കാരണം വ്യക്തമല്ല. തുകകൾ കാലതാമസം കൂടാതെ കരാറുകാർക്ക് അനുവദിച്ച് അവശേഷിക്കുന്ന തുക ഏതിനത്താലുള്ളതാണെന്ന് കണ്ടെത്തി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഈ അക്കൗണ്ടിലെ വരവ് ചെലവ് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ആയത് ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-34 ആസ്തി സംരക്ഷണം - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് താഴെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.4/24.11.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1) പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018- ലെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് / വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ജന പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് ആസ്തികൾ സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ്.

2) പദ്ധതി മാർഗരേഖ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണം. റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകളാണ് തയ്യാറാക്കേണ്ടത്. സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുന്നതിനും, ഘടക സ്ഥാപങ്ങൾ പ്രദാനം ചെയ്യുന്ന സേവനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ട സാധന സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും ഫണ്ട് വകയിരുത്താവുന്നതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട മിനുട്സും, രേഖകളും.

3. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ.

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആസ്തി രജിസ്റ്റർ ഹാജരാക്കി. എന്നാൽ ആയത് പൂർത്തിയാക്കിയിട്ടില്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ക്രമ നം.1, 2 ഹാജരാക്കാത്തതിനാൽ പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് വ്യക്തമാണ്. ആയതിനാൽ, സർക്കാർ നിർദ്ദേശം/പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നിർദ്ദേശം അനുസരിച്ച് ആസ്തി സംരക്ഷണത്തിന് നടപടി സ്വീകരിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഹരിത കർമ്മ സേന - പ്രവർത്തന അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017 /ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

തനാളൂർ ഗ്രാമപഞ്ചായത്തിൽ 2021 ഏപ്രിൽ 20 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 23 വാർഡുകളുള്ളതിൽ തുടക്കത്തിൽ 8 ഉം നിലവിൽ 34 ഉം അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴുവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്. യൂസർ ഫീ ആയി വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും പ്രതിമാസം ലഭിക്കുന്ന തുകയും ശേഖരിച്ച മാലിന്യങ്ങൾ തരം തിരിച്ച് പുരുപയോഗ യോഗ്യമായവ വില്പന നടത്തുന്നതിലൂടെ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മ സേനയുടെ പ്രധാന വരവുകൾ. യൂസർ ഫീ പിരിക്കുന്നതിന് രസീതി നൽകുന്നുണ്ട്. യൂസർ ഫീ നൽകുന്നത് രേഖപ്പെടുത്തുന്നതിന് വീടുകളിൽ കളക്ഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താനാളൂർ അർബൻ കോ-ഓപ് ബാങ്ക് ശാഖ താനാളൂർ നമ്പർ - 2208053000078 യൂസർ ഫീയും മറ്റ് തനത് വരവുകളും ക്രഡിറ്റ് ചെയ്യുന്നതിന് ഒരു അക്കൗണ്ടും, കേരള ഗ്രാമീൺ ബാങ്കിന്റെ താനാളൂർ ശാഖയിൽ നമ്പർ 40186101140402 ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ധനസഹായം ക്രഡിറ്റ് ചെയ്യുന്നതിന് ഒരു അക്കൗണ്ടും കൺസോർഷ്യം പ്രസിഡണ്ട് സെക്രട്ടറി എന്നിവരുടെ പേരിൽ ഉണ്ട്.

കാഷ് ബുക്ക് പ്രകാരം 2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ തനത് വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു (അക്കൗണ്ടന്റ് ലഭ്യമാക്കിയത് ).

| 4/22 | | 5/22 | | 6/22 | |
|---|---|---|---|---|---|
| വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 208483 | 206552 | 220318 | 214850 | 226871 | 244585 |
| 7/22 | | 8/22 | | 9/22 | |
| വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 142076 | 225335 | 208685 | 162855 | 195173 | 252109 |
| 10/11 | | 11/22 | | 12 | |
| വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 199648 | 229120 | 221318 | 215340 | 295127 | 292374 |
| 1/23 | | 2/23 | | 3/23 | |
| വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 312058 | 302521 | 340241 | 285933 | 327173 | 338291 |
| ആകെ വരവ് | | 2897171 | ആകെ ചെലവ് | | 2969865 |

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിലെ വസ്തുതകൾ താഴെ ചേർക്കുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം. ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. എന്നാൽ ഇത്തരം ഘടനാപരമായ സംവിധാനങ്ങളൊന്നുമില്ലാതെയാണ് 23 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 8 പേരെ അംഗങ്ങളാക്കി ഹരിതകർമ്മസേന രൂപീകരിച്ചിട്ടുള്ളത്.

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വഎം.സി.എഫ് വാർഡ് തലത്തിൽ ഒന്ന് വേണം. കുറഞ്ഞത് രണ്ട് വാർഡുകൾക്ക് ഒന്ന് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം ഉള്ളത് വേണം. പഞ്ചായത്ത് തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാത്തത് നിർമ്മിക്കണം/വാടക്ക് എടുക്കണം.. മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. നിലവിൽ 500 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള 1 വാടക കെട്ടിടത്തിലാണ് എം സി എഫ് പ്രവർത്തിച്ച വരുന്നത്. ഇതിന് പുറമെ ഗ്രാമ പഞ്ചായത്ത് വളപ്പിൽ 2022-23 ലെ പ്രൊജക്ടിൽ ഹരിത കർമ്മ സേനക്ക് രണ്ട് നിലകളുള്ള ഒരു ചെറിയ കെട്ടിടത്തിൽ ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. എം.സി.എഫി ലാണ് ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത് എന്നതിനാൽ എം.സി.എഫിൽ നിന്നും അകലെ ഒരു ഓഫീസ് സംവിധാനം ഒരുക്കിയത് പ്രസ്തുത സൗകര്യം ശരിയായി ഉപയോഗിക്കപ്പെടുന്നതിന് തടസ്സമാകും എന്ന് വ്യക്തമാണ്. ഗ്രാമ പഞ്ചായത്തിൽ വാർഡ് തലത്തിൽ എം.സി.എഫുകൾ നിലവിലില്ല. ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവയും നിലവിലില്ല. ഒരു വാഹനം മാത്രമാണ് നിലവിലുള്ളത്. ഗ്രാമ പഞ്ചായത്തിന് എം.സി.എഫ് നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ഉണ്ടെന്നും കെട്ടിട നിർമ്മാണത്തിന് 2023-24 ൽ പ്രൊജക്ട് വച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർ വിശദീകരിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, സ്ക്രാപ്പ് ഇനങ്ങൾ വിറ്റു കിട്ടുന്ന തുകയുമാണ് വരുമാന മാർഗം . മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. മാലിന്യ സംസ്കരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഉചിതമായ തുടർ നടപടി

ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ:

1. ഓരോ ദിവസത്തെ വരവും ചെലവും രേഖപ്പെടുത്തി കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് ശരിയായി സൂക്ഷിക്കുന്നില്ല. രസീതി മുഖേനെ പിരിക്കുന്ന തുകകളുടെ വിവരം ഹരിത സേനാംഗങ്ങൾ വാട്സ് അപ് മുഖേനെ അക്കൗണ്ടന്റിനെ അറിയിക്കുമ്പോൾ പ്രസ്തുത വിവരം അതത് ദിവസം കാഷ് ബുക്കിൽ രേഖപ്പെടുത്തുകയും, പണമായി ലഭിക്കുന്ന തുക മാത്രം കാഷ് റിസീവ്ഡ് എന്ന് രേഖപ്പെടുത്തി ബാങ്കിൽ അടവാക്കുകയുമാണ് ചെയ്തുവരുന്നത്. ആയതിനാൽ കാഷ് ബുക്കിലെ വരവ് ചെലവ് യഥാർത്ഥ വരവും ചെലവും വ്യക്തമാക്കുന്നില്ല. ഓഡിറ്റ് തീയ്യതി വരെയും 6.11.23 വരെയുള്ള കാഷ് ബുക്ക് ആണ് സൂക്ഷിച്ചിട്ടുള്ളത്. ഡെയലി കളക്ഷൻ രജിസ്റ്റർ പൂർത്തിയാക്കേണ്ടതിനാലും, IRTC കോർഡിനേറ്റർ വരവ് വിവരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതിനാലുമാണ് കാഷ് ബുക്ക് പൂർത്തിയാക്കുന്നതിൽ കാലതാമസത്തിന് കാരണം എന്ന് അക്കൗണ്ടന്റ് വിശദീകരിച്ചു. കാഷ് ബുക്കിൽ അക്കൗണ്ടന്റോ, ചാർജ് ഓഫീസറോ സാക്ഷ്യപ്പെടുത്തുന്നില്ല.

2. യൂസർ ഫീ പിരിക്കുന്നതിന് ഉപയോഗിക്കുന്ന രസീതി ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭിക്കുമ്പോൾ ആയത് സ്റ്റോക്കിൽ എടുക്കുന്നില്ല. ഹരിത കർമ്മ സേനാംഗങ്ങൾക്ക് രസീതി ബുക്കുകൾ പിരിവിനായി നൽകുന്നതിന്റെ വിവരവും ആയത് പിരിവിന് ശേഷം തിരികെ ലഭിക്കുമ്പോൾ ആയതിന്റെ വിവരവും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആയതിനാൽ എത്ര രസീതി ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ടെന്നോ നിലവിൽ എത്ര എണ്ണം ഉപയോഗത്തിനായി നൽകിയിട്ടുണ്ടെന്നോ, എത്ര എണ്ണം നീക്കിയിരിപ്പുണ്ടെന്നോ ഉള്ളതിന്റെ വിവരം ലഭ്യമല്ല. സൂക്ഷിച്ചുവരുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഒന്നും ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വരവ് ചെലവ് കണക്കുകളുടെ മാസാന്ത, വർഷാന്ത സംഗ്രഹം തയാറാക്കി ആയത് ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ ചേരേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന അംഗങ്ങളുടെ യോഗം 2022 മെയ്, ഡിസംബർ മാസങ്ങളിൽ ചേർന്നിട്ടില്ല. ചേർന്ന യോഗങ്ങളുടെ മിനുട്സുകൾ ഒന്നും തന്നെ അദ്ധ്യക്ഷൻ ഒപ്പ് വച്ച് ക്ലോസ് ചെയ്തിട്ടില്ല.

5. യൂസർ ഫീ നൽകാത്തവരിൽ നിന്നും കുടിശിക വരുത്തിയവരിൽ നിന്നും ആയത് വസ്തു നികുതി കുടിശികയായി ഈടാക്കാൻ GO(Rt)No.789/2023/LSGD Dtd.31.3.23 പ്രകാരം നിർദേശമുണ്ടെങ്കിലും ആയത് നടപ്പിൽ വരുത്തി ഭരണ സമിതി തീരുമാനം എടുത്തിട്ടില്ല.

6. സമ്പത്ത് എന്ന കമ്പനിക്കാണ് തുടക്കം മുതൽ മാലിന്യം തരംതിരിച്ച് വില്പന നടത്തുന്നത്. തരം തിരിച്ച മാലിന്യങ്ങൾക്ക് കേരള കമ്പനിനൽകുന്ന വിലയും സമ്പത്ത് നൽകുന്ന വിലയും താരതമ്യപ്പെടുത്തി ഏതാണ് ലഭകരം എന്ന് വ്യക്തതവരുത്തിയത് സംബന്ധിച്ച രേഖകൾ ഒന്നും സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും, ഘടനാ പരവും അടിസ്ഥാന സൗകര്യം സംബന്ധിച്ചും ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മിനി മാസ്റ്റ് റിപ്പയർ - ടെണ്ടർ നടപടിയിലെ അപാകത - പഞ്ചായത്തിന് 1,30,987 രൂപ നഷ്ടം

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : SO 65/23, തകരാറിലായ മിനി മാസ്റ്റ് ലൈറ്റ് പ്രവർത്തനക്ഷമമാക്കൽ

അടങ്കൽ തുക : ₹9,57,000/-

ചെലവ് തുക : ₹4,84,073/- (തനത് ഫണ്ട്)

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ തകരാറിലായ മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ജില്ലാതല സാങ്കേതിക സമിതിയുടെ മേൽ നോട്ടത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകതയുള്ളതായി കാണുന്നു.

1. മേൽ പ്രവൃത്തിക്കായി 07.02.2022 ന് എ.ഇ 567/21 നമ്പറായി ഇ - ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം 3 ടെണ്ടറുകൾ ലഭ്യമായി. കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. ഹുസൈൻ. എം.വി എന്നയാളുടെ ടെണ്ടർ കേരള ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് ലൈസൻസുള്ള പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാലും, രണ്ടാമതായി കുറവ് തുക ക്വാട്ട്

ചെയ്ത ഇറാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തത് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ ആയതിനാലും പ്രൊജക്ട് അടിയന്തിരമായി റീ ടെണ്ടർ ചെയ്യാൻ 02.03.2022 ലെ 1 (2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ ലഭ്യമായ 3 ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ താഴെയായിരുന്നു എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. ലഭ്യമായ 3 ടെണ്ടറുകളിലെയും ക്വാട്ട് ചെയ്ത നിരക്കും (ഐറ്റം വൈസ് നിരക്ക് - ഒരെണ്ണത്തിന്), എസ്റ്റിമേറ്റ് നിരക്കും (ഐറ്റം വൈസ് നിരക്ക് - ഒരെണ്ണത്തിന്), തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഐറ്റം | എസ്റ്റിമേറ്റ് നിരക്ക് (₹) | Kerala Electrical And Allied Eng. Co. Ltd (L3) | Eran Associates (L2) | Hussain (L1) |
|---|---|---|---|---|
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 150 W Flood Light | 11,550.00 | 10,260 | 7,999 | 6,000 |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 200 W Flood Light | 15,647.02 | 12,960 | 9,999 | 8,000 |
| 24 Hours Analog Timer For Operating Automatic ON-OFF Function | 1,800.00 | 2,376 | 1,999 | 1,500 |
| Supply And Fixing 25 A, 2 Pole AC 1 Rated Power Contactor Wit I NO+1NC Auxillary Contacts & With AC | 1,325.56 | 1,836 | 999 | 1,000 |
| Supply And Fixing Following Rating Double Pole (Single Phase And Neutral) 240 V Residual Current Circuit Breaker (RCCB) Having A Sensitivity Current 30 Ma In The Existing MCB DB Comlete With Connection, Testing And Commission Etc. Asn Required 40 Amps | 2,506.40 | 2,160 | 999 | 1,200 |
| **Total Amount** | **32,828.98** | **29,592** | **21,995** | **17,700** |

L1 ആയി ക്വാട്ട് ചെയ്ത ശ്രീ. ഹുസൈൻ. എം.വി യെ പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ നിരസിച്ചെങ്കിലും, L2 ആയി ക്വാട്ട് ചെയ്ത ഇറാൻ അസോസിയേറ്റ്സിന്റെ ടെണ്ടർ, എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ എന്ന് കാണിച്ച് നിരസിച്ചത് ക്രമപ്രകാരമല്ല. 32,828.98/- രൂപയാണ് എസ്റ്റിമേറ്റ് നിരക്ക്. ആയതിനെക്കാൾ കുറവായിരുന്നു ലഭ്യമായ 3 ടെണ്ടറുകളും.

**2.** പിന്നീട് മേൽ പ്രവൃത്തിക്കായി 07.03.2022 ന് എ.ഇ 567/21 നമ്പറായി റീ - ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം 2 ടെണ്ടറുകൾ ലഭ്യമായി. ആദ്യ ടെണ്ടറിനെക്കാൾ കൂടുതൽ ആയിരുന്നു പിന്നീട് ലഭ്യമായ ടെണ്ടറുകളിലെ നിരക്ക്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | Dinesan K, Electra Engineering ( L1) | Diamond Engineering Works ( L2) |
|---|---|---|
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 150 W Flood Light | 10,395 | 11,500 |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 200 W Flood Light | 14,082 | 13,500 |
| 24 Hours Analog Timer For Operating Automatic ON-OFF Function | 1,620 | 1,600 |
| Supply And Fixing 25 A, 2 Pole AC 1 Rated Power Contactor Wit I NO+1NC Auxillary Contacts & With AC | 1,193 | 1,100 |
| Supply And Fixing Following Rating Double Pole (Single Phase And Neutral) 240 V Residual Current Circuit Breaker (RCCB) Having A Sensitivity Current 30 Ma In The Existing MCB DB Comlete With Connection, Testing And Commission Etc. Asn Required 40 Amps | 2,255 | 2,200 |
| **Total Amount** | **29,545** | **29,900** |

മേൽ റീ ടെണ്ടറിൽ L1 ആയി ക്വാട്ട് ചെയ്ത ശ്രീ. ദിനേശൻ, എലക്ട്രാ എഞ്ചിനീയറിംഗ് വർക്സ് എന്ന വ്യക്തിക്ക്

ഇലക്ട്രിക്കൽ സി സർട്ടിഫിക്കറ്റ് ആയതിനാൽ ആയത് നിരസിച്ച്, L2 ആയി ക്വാട്ട് ചെയ്ത ഡയമണ്ട് എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുന്നതിന് 23.03.2022 ലെ 2 (2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്.

ആദ്യ ടെണ്ടർ പ്രാകരം കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികമാണ് എന്ന് തെറ്റായ കാരണം കാണിച്ച് നിരസിച്ച്, റീ ടെണ്ടറിലെ ഉയർന്ന നിരക്കിലുള്ള 29,900/- രൂപയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിച്ചത് മൂലം പ്രൊജക്റ്റിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/27.11.2023) മറുപടി ലഭ്യമാക്കിയില്ല.

**3.** ആദ്യ ടെണ്ടർ പ്രാകരം അംഗീകരിക്കാമായിരുന്ന കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കാതെ റീ ടെണ്ടർ നടത്തി ഉയർന്ന നിരക്ക് ക്വട്ട് ചെയ്ത സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചത് മൂലം പഞ്ചായത്തിന് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം ഉണ്ടായി.

| ഐറ്റം | അനുവദിച്ചത് (റീ ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്ക് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച സ്ഥാപനം - Diamond Engineering Works) | | | അനുവദിക്കാവുന്നത് (ആദ്യ ടെണ്ടറിലെ L2 അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ട തുക - Eran Associates) | | | അധികം (₹) |
|---|---|---|---|---|---|---|---|
| | ക്വാട്ട് ചെയ്ത നിരക്ക് (₹) | ചെയ്ത പ്രവൃത്തി/ എണ്ണം (എം. ബുക്ക് നമ്പർ 243/22-23 പ്രകാരം) | അനുവദിച്ച തുക (₹) | ക്വാട്ട് ചെയ്ത നിരക്ക് (₹) | ചെയ്ത പ്രവൃത്തി/ എണ്ണം (എം. ബുക്ക് നമ്പർ 243/22-23 പ്രകാരം) | അനുവദിച്ച തുക (₹) | |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 150 W Flood Light | 11,500 | 30 | 3,45,000 | 7,999 | 30 | 2,39,970 | 1,05,030 |
| Dismantling The Existing Damaged Unserviciable Flood Lightfrom The Mast Supply Conveyance, Installation, Testing And Commissioning Of 200 W Flood Light | 13,500 | 3 | 40,500 | 9,999 | 3 | 29,997 | 10,503 |
| 24 Hours Analog Timer For Operating Automatic ON-OFF Function | 1,600 | 10 | 16,000 | 1,999 | 10 | 19,990 | (-) 3,990 |
| Supply And Fixing 25 A, 2 Pole AC 1 Rated Power Contactor Wit I NO+1NC Auxillary Contacts & With AC | 1,100 | 6 | 6,600 | 999 | 6 | 5,994 | 606 |
| Supply And Fixing Following Rating Double Pole (Single Phase And Neutral) 240 V Residual Current Circuit Breaker (RCCB) Having A Sensitivity Current 30 Ma In The Existing MCB DB Comlete With Connection, Testing And Commission Etc. Asn Required 40 Amps | 2,200 | 4 | 8,800 | 999 | 4 | 3,996 | 4,804 |
| **Total Amount** | **29,900** | | **4,16,900** | **21,995** | | **2,99,947** | **1,16,953** |

ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| മൂല്യ നിർണ്ണയം (₹) | | | | കുറിപ്പ് (നൽകിയ തുകയുടെ വിശദാംശം) | | |
|---|---|---|---|---|---|---|
| നൽകിയത് | | നൽകേണ്ടിയിരുന്നത് | അധികം | സ്ഥാപനം | തുക (₹) | വൗച്ചർ നമ്പർ/തിയ്യതി |
| ആകെ പ്രവൃത്തി മൂല്യം | 4,16,900 | 2,99,947 | 1,16,953 | Diamond Engineering Works | 4,50,252 | 22200183/04.06.2022 |
| Add GST 12% | 50,028 | 35,994 | 14,034 | ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക | 17,145 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | സമിതികളുള്ള ഓണറേറിയം | | |
| Total | 4,66,928 | 3,35,941 | 1,30,987 | IT | 4,169 | 22200236/23.06.2022 |
| ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതികളുള്ള ഓണറേറിയം | 17,145 | 17,145 | 0 | KBOCCWW | 4,169 | 22200209/13.06.2022 |
| **ആകെ** | **4,84,073** | **3,53,086** | **1,30,987** | CGST - TDS | 4,169 | 22200220/21.06.2022 |
| | | | | SGST - TDS | 4,169 | 22200221/21.06.2022 |
| | | | | **ആകെ** | **4,84,073** | |

തെറ്റായ തീരുമാനം മൂലം ഗ്രാമ പഞ്ചായത്തിന് മേൽ പ്രൊജക്ട് പ്രകാരം 1,30,987/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധിക ചെലവിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നമ്പർ : 23/29.11.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന് ഉണ്ടായ നഷ്ടം 1,30,987/- രൂപ തെറ്റായ തീരുമാനം എടുത്ത 02.03.2022 ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളുടെയും, സെക്രട്ടറിയുടെയും തുല്യ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അധികം നൽകി.

പ്രൊജക്ട് : വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ്.സി.)116/2023

അടങ്കൽ : ₹5,40,000/- (4,75,000/- General+ 65,000/- SCP)

ആകെ ചെലവ് : ₹5,40,000/-

BRN : 22150552038301182257/13.2.23

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകിയതിൽ സ.ഉ(കൈ) 115/2022/തസ്വഭവ തി. 28.05.2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്നതിലും അധികം തുക നൽകിയിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക (₹) | നൽകാവുന്നത് (₹) | അധികം (₹) |
|---|---|---|---|---|
| സുബിന.വി. | ഡിപ്ലോമ ഇൻ റേഡിയോളജിയ്ക്കൽ ടെക്നീഷ്യൻ കോഴ്സ് (2വർഷം)/ മെഡി. കോളേജ് എറണാകുളം | 25,000 | 15,000 | 10,000 |

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 /27.11.23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി ട്രഷറിയിൽ അടവാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മാർഗരേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് | 16/23 - പരിരക്ഷ പദ്ധതി | 73,455 | 73,455 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | 73/23 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 6,22,300 | 6,22,300 | 0 |
| | 101/23 - ലൈഫ് ഭവന പദ്ധതി | 5,90,000 | 5,90,000 | 0 |
| | 128/23 - സുസ്ഥിര നെൽകൃഷി വികസനം | 1,00,000 | 1,00,000 | 0 |
| | **ആകെ** | **13,85,755** | **13,85,755** | **0** |
| ജില്ലാ പഞ്ചായത്ത് | 73/23 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,30,000 | 2,30,000 | 0 |
| | **ആകെ** | **2,30,000** | **2,30,000** | **0** |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | ജി.ഒ.(എം.എസ്) നം. 68/2018/LSGD, തിയതി 18.05.2018 | 56,56,706 | 44,00,000 | 24,61,727 | 0 | 51,94,979 |

കുറിപ്പ് :- ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെ ലോൺ തിരിച്ചടവായി രേഖപ്പെടുത്തിയ തുകയിൽ ₹24,00,000/- ലൈഫ് ഭവനപദ്ധതിയുടെ സ്റ്റേറ്റ് ഷെയർ ചെലവഴിച്ച തുക ഈ ശീർഷകത്തിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണ് (ഖണ്ഡിക 1-1-13 കാണുക).

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**എ). സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 76,82,803 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 7,49,591 |
| ആകെ (₹) | 84,32,394 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 84,32,394 |

**ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ.**

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/ തീയ്യതി |
|---|---|---|
| ഒഴൂർ സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം. (A/c No. 002014007498) | 20,55,217 | R1976/10.05.22 |
| ഒഴൂർ സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം. (A/c No. 002014007499) | 20,55,217 | R1979/10.05.22 |
| ഒഴൂർ സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം. (A/c No. 002014008636) | 30,91,213 | R11863/18.11.22 |
| താനാളൂർ സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം. (A/c No. 001001013146) | 12,30,747 | 20220010042172/ 18.11.22 |
| **ആകെ** | 84,32,394 | |

കുറിപ്പ് :-

1. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ എന്നിവ പ്രകാരമാണ് വിവരം ചേർത്തിട്ടുള്ളത്.
2. തൻവർഷം നിക്ഷേപിച്ച 7,49,591/- രൂപ സ്ഥിരനിക്ഷേപങ്ങളോട് ചേർത്തിട്ടുള്ള പലിശയാണ്. ഇത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-1-14 കാണുക).

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആൾ | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2009-10& 2010-11 | 3-10 | 35,000 | ശ്രീമതി. മിനി മേനോൻ, കൃഷി ഓഫീസർ | 1220112025/16.03.2023 |

| | | | | |
|---|---|---|---|---|
| 2016-17 | 2-5 | 125 | ശ്രീ. മുഹമ്മദ് അഷ്റഫ് | 1220102887/11.08.2022 |
| 2019-20 | 1-21(4) | 2,733 | ശ്രീ. അഭിമന്യു, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220109357/03.02.2023 |
| 2019-20 | 1-21(6) | 3,050 | ശ്രീ. അർജുൻ. എം, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220109534/09.02.2023 |
| 2019-20 | 1-21(8) | 4,933 | ശ്രീ. അഭിമന്യു, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220109358/03.02.2023 |
| 2019-20 | 3-1 | 6,844 | ശ്രീ. ദാമോദരൻ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220100845/17.05.2022 |
| 2020-21 | 1-20(1) | 4,629 | ശ്രീ. അഭിമന്യു, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220100840/17.05.2022 |
| 2020-21 | 1-20(2) | 3,258 | ശ്രീ. റഷീദ്. ടി. പി, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220100777/16.05.2022 |
| 2020-21 | 1-20(3) | 8,275 | ശ്രീ. ബൈജു. എ. വി, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220100844/17.05.2022 |
| 2020-21 | 1-21 | 12,533 | ശ്രീ. ഷാഹിർ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220109501/07.02.2023 |
| | **ആകെ** | **81,380** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | പൊതുപരാമർശങ്ങൾ | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (₹75,000) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | " | റീ ടെണ്ടർ നഷ്ടം (₹24,459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | " | വീട് മേൽക്കൂര നിർമ്മാണം (₹61,200) | നടപടി തുടരുന്നു |
| 2008-09 | - | 2011-12 | " | കൃഷി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(2) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | " |
| 2015-16 | 2(5) | 2016-17 | " | " | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക (₹) | അവശേഷിക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2009-10 & 2010-11 | 10-11 | ഗോവിന്ദൻ. സി. പി, വി.ഇ.ഒ | LF12216/spl.cell /sc/D1/12 08.12.15 | 1,41,010 | - | 07.12.15ന് ട്രഷറിയിൽ ഒടുക്കി |
| 2 | 2009-10 & 2010-11 | 3-10 | മിനിമോൾ, കൃഷി ഓഫീസർ | LF12216/spl.cell /sc/D1/12 08.12.15 | 35,000 | - | 1220112025/ 16.03.2023 രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 20,86,85,635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 22,10,93,373 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 1,40,987 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 27,37,210 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | - | 1,30,987 | ശ്രീ. റാംജിലാൽ പി, സെക്രട്ടറി - ₹6,237.50 |
| | | | ലൈജു. കെ.വി (മെമ്പർ) - ₹6,237.50 |
| | | | കെ. ഫാത്തിമ ബീവി (മെമ്പർ) - ₹6,237.50 |
| | | | ജുസൈറ (മെമ്പർ) - ₹6,237.50 |
| | | | ഫസീല ഷാജി (മെമ്പർ) - ₹6,237.50 |
| | | | അബ്ദുൽ മജീദ് എം (മെമ്പർ) - ₹6,237.50 |
| | | | അബ്ദുറസാഖ് ഇ (മെമ്പർ) - ₹6,237.50 |
| | | | സബിത കുഴിയിൽ പറമ്പിൽ (മെമ്പർ) - ₹6,237.50 |
| | | | മുഹമ്മദ് റാഫി (മെമ്പർ) - ₹6,237.50 |
| | | | അമീറ (മെമ്പർ) - ₹6,237.50 |
| | | | സൈതലവി (മെമ്പർ) - ₹6,237.50 |
| | | | ഷരീഫ (മെമ്പർ) - ₹6,237.50 |
| | | | ജസീന ഹാരിസ് (മെമ്പർ) - ₹6,237.50 |
| | | | മല്ലിക കെ.എം (മെമ്പർ) - ₹6,237.50 |
| | | | നസ്റത്ത് ബാനു (മെമ്പർ) - ₹6,237.50 |
| | | | അബ്ദു റസാഖ് വി (മെമ്പർ) - ₹6,237.50 |
| | | | സതീശൻ പി (മെമ്പർ) - ₹6,237.50 |
| | | | ജ്യോതി പി (മെമ്പർ) - ₹6,237.50 |
| | | | ചാത്തേരി സുലൈമാൻ (മെമ്പർ) - ₹6,237.50 |
| | | | നസ്റി ടി.കെ (മെമ്പർ) - ₹6,237.50 |
| | | | ഷൺമുഖൻ പി.വി (മെമ്പർ) - ₹6,237.50 |
| 3-2 | - | 10,000 | ശ്രീമതി. അജിതനാഥ്. എസ്. ജി, ഹെഡ്മിസ്ട്രസ് |
| **ആകെ** | **-** | **1,40,987** | |

**സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17(2) | 13,572 | ഡോ. പ്രതിഭ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-18 | 69,000 | ഡോ. പ്രതിഭ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-19 | 62,764 | ഡോ. പ്രതിഭ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-20 | 1,26,874 | ഡോ. പ്രതിഭ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-21 | 6,00,000 | ഡോ. അമീന. ഒ. കെ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) (₹1,20,000) |
| | | ഡോ. പ്രതിഭ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) (₹4,80,000) |
| 1-23 | 2,65,000 | ശ്രീ. പ്രേമരാജൻ. ഒ. കെ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | 1,00,000 | ശ്രീമതി. സറീന. പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-27 | 15,00,000 | ശ്രീമതി. അജിതനാഥ്. എസ്. ജി, ഹെഡ്മിസ്ട്രസ് |
| **ആകെ** | **27,37,210** | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റാംജിലാൽ പി, സെക്രട്ടറി | വിരമിച്ചു | പാറയക്കൽ, ആറാംകല്ല്, കരകുളം പി.ഒ, തിരുവനന്തപുരം ജില്ല. പിൻ-695564 |
| ലൈജു. കെ.വി | മെമ്പർ - വാർഡ് നമ്പർ 2 (ദേവധാർ) | കാട്ടിവീട്ടിൽ ഹൗസ്, ദേവധാർ, കെ.പുരം. പിൻ - 676 306 |
| കെ. ഫാത്തിമ ബീവി | മെമ്പർ - വാർഡ് നമ്പർ 3 (പുത്തൻതെരു) | കൊള്ളാടത്തിൽ ഹൗസ്, ദേവധാർ, കെ.പുരം. പിൻ - 676 307 |

| | | |
|---|---|---|
| ജുസൈറ | മെമ്പർ - വാർഡ് നമ്പർ 4 (പാണ്ടിയാട്ട്) | വിഷാരത്ത് ഹൗസ്, കെ.ടി ജാറം, താനാളൂർ. പിൻ - 676 307 |
| ഫസീല ഷാജി | മെമ്പർ - വാർഡ് നമ്പർ 5 (പരേങ്ങത്ത്) | ഞാറക്കടവത്ത് ഹൗസ്, താനാളൂർ. പിൻ - 676 307 |
| അബ്ദുൽ മജീദ് എം | മെമ്പർ - വാർഡ് നമ്പർ 6 (തറയിൽ) | മംഗലത്ത് ഹൗസ്, താനാളൂർ. പിൻ - 676 307 |
| അബ്ദുറസാഖ് ഇ | മെമ്പർ - വാർഡ് നമ്പർ 7 (തീണ്ടാപ്പാറ) | എടമരത്ത് ഹൗസ്, പകര, താനാളൂർ. പിൻ - 676 307 |
| സബിത കുഴിയിൽ പറമ്പിൽ | മെമ്പർ - വാർഡ് നമ്പർ 8 (പകര നോർത്ത്) | കുഴിയിൽ പറമ്പിൽ ഹൗസ്, പകര, താനാളൂർ. പിൻ - 676 307 |
| മുഹമ്മദ് റാഫി | മെമ്പർ - വാർഡ് നമ്പർ 9 (തവളാംകുന്ന്) | മുല്ലശ്ശേരിയകത്ത് ഹൗസ്, തവളാംകുന്ന്, പൊൻമുണ്ടം. പിൻ - 676 106 |
| അമീറ | മെമ്പർ - വാർഡ് നമ്പർ 10 (അരീക്കാട്) | കുനിയിൽ ഹൗസ്, അരീക്കാട്, തലക്കടത്തൂർ. പിൻ - 676 103 |
| സൈതലവി | മെമ്പർ - വാർഡ് നമ്പർ 11 (അരീക്കാട് നിരപ്പ്) | തെയ്യംപടി ഹൗസ്, അരീക്കാട്, തലക്കടത്തൂർ. പിൻ - 676 103 |
| ഷരീഫ | മെമ്പർ - വാർഡ് നമ്പർ 12 (പരക സൗത്ത്) | കളത്തിൽ ഹൗസ്, പകര, താനാളൂർ. പിൻ - 676 307 |
| ജസീന ഹാരിസ് | മെമ്പർ - വാർഡ് നമ്പർ 13 (മീനടത്തൂർ ഈസ്റ്റ്) | വടക്കിനിയേടത്ത് ഹൗസ്, കൊറങ്കാവ്, മീനടത്തൂർ. പിൻ - 676 307 |
| മല്ലിക കെ.എം | മെമ്പർ - വാർഡ് നമ്പർ 14 (മീനടത്തൂർ വെസ്റ്റ്) | പാതായിക്കര മന ഹൗസ്, വട്ടത്താണി, കെ.പുരം. പിൻ - 676 307 |
| നസ്റത്ത് ബാനു | മെമ്പർ - വാർഡ് നമ്പർ 16 (വലിയപാടം) | കൊക്കോടി ഹൗസ്, മീനടത്തൂർ. പിൻ - 676 307 |
| അബ്ദു റസാഖ് വി | മെമ്പർ - വാർഡ് നമ്പർ 17 (താനാളൂർ) | വെള്ളിയത്ത് ഹൗസ്, താനാളൂർ. പിൻ - 676 307 |
| സതീശൻ പി | മെമ്പർ - വാർഡ് നമ്പർ 18 (വട്ടത്താണി) | പാതായിക്കര മന ഹൗസ്, വട്ടത്താണി, കെ.പുരം. പിൻ - 676 307 |
| ജ്യോതി പി | മെമ്പർ - വാർഡ് നമ്പർ 19 (കൈനിപ്പാടം) | വടക്കങ്ങര ഹൗസ്, തടിപ്പാടി, കെ.പുരം. പിൻ - 676 307 |
| ചാത്തേരി സുലൈമാൻ | മെമ്പർ - വാർഡ് നമ്പർ 20 (പുത്തുകുളങ്ങര) | ചാത്തേരി ഹൗസ്, കുണ്ടുങ്ങൽ, കെ.പുരം. പിൻ - 676 307 |
| നസ്റി ടി.കെ | മെമ്പർ - വാർഡ് നമ്പർ 22 (കുണ്ടുങ്ങൽ) | തെത്തയിൽ ഹൗസ്, കുണ്ടുങ്ങൽ, കെ.പുരം. പിൻ - 676 307 |
| ഷൺമുഖൻ പി.വി | മെമ്പർ - വാർഡ് നമ്പർ 23 (കേരളാധീശ്വരപുരം) | പണ്ടാറവളപ്പിൽ ഹൗസ്, കെ.പുരം. പിൻ - 676 307 |
| ശ്രീമതി. അജിതനാഥ്. എസ്. ജി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് കേരളാധീശ്വരപുരം, താനാളൂർ | "മിഥില", മീനടത്തൂർ പി.ഒ. മലപ്പുറം - 676307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1995-96 | കെ.എസ്.എ.എം.പി.എം.22/1701/2019, തിയ്യതി: 19.10.2019 | 3 |
| 2 | 1996-97 | കെ.എസ്.എ.എം.പി.എം.22/1701/2019, തിയ്യതി: 19.10.2019 | 4 |
| 3 | 1997-98 | കെ.എസ്.എ.എം.പി.എം.22/2326/2022(1), തിയ്യതി: 25.05.2023 | 3 |
| 4 | 1998-99 | കെ.എസ്.എ.എം.പി.എം.22/2326/2022(2), തിയ്യതി: 25.05.2023 | 11 |
| 5 | 1999-00 | കെ.എസ്.എ.എം.പി.എം.22/2326/2022(3), തിയ്യതി: 25.05.2023 | 11 |
| 6 | 2000-01 | കെ.എസ്.എ.എം.പി.എം.22/2326/2022(4), തിയ്യതി: 25.05.2023 | 1 |
| 7 | 2001-02 (ചെലവ്) | കെ.എസ്.എ.എം.പി.എം.22/2326/2022(5), തിയ്യതി: 25.05.2023 | 1 |
| 8 | 2003-04 | കെ.എസ്.എ.എം.പി.എം.22/1277/23(1), തിയ്യതി: 05.07.2023 | 2 |
| 9 | 2005-06 | കെ.എസ്.എ.എം.പി.എം.22/1277/23(3), തിയ്യതി: 05.07.2023 | 3 |
| 10 | 2006-07 | കെ.എസ്.എ.എം.പി.എം.22/1277/23(4), തിയ്യതി: 05.07.2023 | 1 |
| 11 | 2007-08 | കെ.എസ്.എ.എം.പി.എം.22/2236/2021 (5), തിയ്യതി: 27.09.2022 | 1 |
| 12 | 2008-09 | കെ.എസ്.എ.എം.പി.എം.22/1277/23(5), തിയ്യതി: 05.07.2023 | 3 |

| | | | |
|---|---|---|---|
| 13 | 2009-10 & 2010-11 | കെ.എസ്.എ.എം.പി.എം.22/1277/23(14), തിയ്യതി: 10.07.2023 | 6 |
| 14 | 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.22/1277/23(6), തിയ്യതി: 05.07.2023 | 5 |
| 15 | 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.22/1277/23(7), തിയ്യതി: 05.07.2023 | 10 |
| 16 | 2015-16 | കെ.എസ്.എ.എം.പി.എം.22/1277/23(8), തിയ്യതി: 10.07.2023 | 9 |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം.22/1277/23(9), തിയ്യതി: 06.07.2023 | 9 |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം.22/1277/23(10), തിയ്യതി: 10.07.2023 | 9 |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം.22/1277/23(11), തിയ്യതി: 06.07.2023 | 16 |
| 20 | 2019-20 | കെ.എസ്.എ.എം.പി.എം.22/1277/23(12), തിയ്യതി: 07.07.2023 | 8 |
| 21 | 2020-21 | കെ.എസ്.എ.എം.പി.എം.22/1277/23(13), തിയ്യതി: 10.07.2023 | 7 |
| 22 | 2021-22 | കെ.എസ്.എ.എം.പി.എം.22/438/2023, തിയ്യതി: 27.05.2023 | 18 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-07-2023 and submitted on 22-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thanalur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thanalur Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thanalur Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Discrepancies in carrying forward of the closing balance in the year in respect of assets are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs,) |
|---|---|---|---|
| 450210101 - STATE BANK OF INDIA Life, Epayment TANUR (67385491208) | 44,17,350 | 44,17,385 | 35 |

2. Discrepancies in carrying forward of the closing balance in the year in respect of liabilities are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs,) |
|---|---|---|---|
| 350300112 - Government And Other Dues Payable -Value of Court Fee Stamp | 0 | 35 | 35 |

3. Advance amount of Rs. 2,30,000/- paid from Suchitwa Mission fund was shown as revenue expenditure.
4. Expenditure amount of Rs. 24,00,000/- from LIFE Mission state share was wrongly booked as loan repayment.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Lapses in making timely demand entries in respect of tax and non-tax revenue.
3. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4. Expenditure amount in respect of administrative expense of MGNREGS differs between MGNREGS cashbook and I-14(F) schedule.
5. Cheques uncashed for more than 3 months were not transfered to Stale cheque account.
6. Check deposited but not credited in bank.
7. Directly credited to bank amount not taken into account.
8. Directly debited by bank amount not taken into account.
9. Bank passbook and reconciliation statement was not produced for certain bank/treasury accounts.
10. Interest received from fixed deposits shown in schedule I-7 differs from that shown in fixed deposit renewal receipt
11. Calculation sheet was not provided for the calculation of depreciation for fixed assets.
12. Advance Register does not match with annual financial statements.
13. Asset register (*Sachithra*) is not up to date and is not reliable for audit
14. The following registers are not maintained
   i. Investment register
   ii. Deposit register
   iii. Loan register
   iv. Appropriation control register for specific purpose grants kept in own fund account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്